
# വാ. ചാവറയച്ചൻെറ ദളിത് ദർശനം



വിത്സൺ കോക്കാട്ട് C.M.I.

# വാ. ചാവറയച്ചന്റെ ദലിത് ദർശനം

വിത്സൺ കോക്കാട്ട് സി. എം. ഐ

**Vazhthappetta**

**Chavaraachante**

**Dalit Darsanam**

(Malayalam)

**By Wilson Kokkattu C M I**

Copy Right: Reserved

Type Setting at : Darsan Computers, Kottayam - 1

Printed at: Deepika Offset Printers, Kottayam - 1

First Published March, 1998

Distributed: Deepika Book House

Price : Rs. 15

Publication: CDS (Centre for Dalit Solidarity)

# ഉള്ളടക്കം

പേജ്

ആമുഖം

അവതാരിക

അവതരണം

അദ്ധ്യായം 1 ദളിത് ക്രിസ്ത്യാനികളുടെ സമകാലികപ്രശ്നങ്ങൾ 11

ദളിത് ക്രിസ്ത്യാനികളുടെ
ഇന്നത്തെ അവസ്ഥ
സാമൂഹികവും സാംസ്കാരികവും
മതപരവുമായ വിവേചനം
സാമ്പത്തികമായ വിവേചനം
രാഷ്ട്രീയമായ അന്യവൽക്കരണം
സംവരണത്തിന്റെ പ്രാധാന്യം
രാഷ്ട്രീയപാർട്ടികളുടെ കാപട്യം
നിരീക്ഷണം

അദ്ധ്യായം 2 ദളിത് ദൈവശാസ്ത്രം 17

പ്രാരംഭം
ദളിത് ദൈവശാസ്ത്രം
ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവം
യേശുവിന്റെ കാലത്തെ ജാതിവ്യവസ്ഥ
യേശുവിന്റെ പ്രതികരണം
യേശു പീഡിതവർഗ്ഗത്തിന്റെ മൂലരൂപം
നിരീക്ഷണം

അദ്ധ്യായം 3 19-ാം നൂറ്റാണ്ടിലെ കേരളസമുദായം 24

പ്രാരംഭം
അയിത്താചരണത്തിന്റെ സ്വഭാവം
അയിത്താചരണത്തിന്റെ ഫലങ്ങൾ

വിദ്യാഭ്യാസത്തിന്റെ ഫലങ്ങൾ
ചാന്നാർ ലഹള
മലയാളി മെമ്മോറിയൽ
ഈഴവമെമ്മോറിയൽ
നിരീക്ഷണം
അദ്ധ്യായം 4 **കേരളത്തിന്റെ നവോത്ഥാനനായകർ** 32
നവോത്ഥാനവേലിയേറ്റം
വാ. ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ
ശ്രീനാരായണഗുരു
വിവേകാനന്ദൻ
അയ്യൻകാളി
ഗാന്ധിജി
വക്കം അബ്ദുൾഖാദർ
മന്നത്ത് പത്മനാഭൻ
അംബേദ്കർ
നിരീക്ഷണം
അദ്ധ്യായം 5 **വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ദളിത് ദർശനം** 38
ഉദയതാരം
ജീവിതവും പ്രവർത്തനങ്ങളും
വിദ്യാഭ്യാസ പ്രവർത്തനം
വനിതാക്ഷേമ പ്രവർത്തനം
അച്ചടിശാല പ്രവർത്തനം
ആതുരാലയ പ്രവർത്തനം
നിരീക്ഷണം
അദ്ധ്യായം 6 **പൊതുനിരീക്ഷണം** 42
*സഹായകഗ്രന്ഥങ്ങൾ*

# ആമുഖം

ദളിത് ക്രൈസ്തവ സമൂഹം സാമ്പത്തികചൂഷണത്തിനും സാമൂഹികവും മതപരവുമായ വിവേചനത്തിനും പലതരത്തിലുള്ള പീഡനങ്ങൾക്കും സർക്കാരിൻെറ അവഗണനയ്ക്കും വിധേയരായി ക്ലേശിക്കുകയാണ്. ഈ പാവപ്പെട്ടവർക്ക് അക്ഷരാഭ്യാസം നൽകി. വിശ്വാസവെളിച്ചം പകർന്ന്, സാഹോദര്യവും സമഭാവനയും വാഗ്ദാനം ചെയ്ത്, വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ നൽകിയ സേവനം എക്കാലത്തും സ്മരിക്കപ്പെടേണ്ടതാണ്. 'ഭാരതരത്ന'മെന്ന ബഹുമതിയ്ക്കർഹയായ കൽക്കട്ടായിലെ മദർ തെരേസ 1996-ൽ ഡൽഹിയിൽ വച്ച് ദളിത് ക്രിസ്ത്യാനികളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ സംഘടിക്കപ്പെട്ട റാലിയിൽ പ്രാർത്ഥനാശുശ്രൂഷ നടത്തുകയുണ്ടായി. ബി. ജെ. പി. പാർട്ടി വക്താവായ സുഷമ സ്വരാജ് ഈ സംഭവത്തെ ദുർവ്യാഖ്യാനിച്ചു. ലോകാരാധ്യയായ മദർ തെരേസ ഒരു വിഭാഗത്തിന് മാത്രമായി നിലകൊള്ളുന്നു എന്നതായിരുന്നു അവരുടെ ആക്ഷേപം. ഈ ദുർവ്യാഖ്യാനം പത്രമാസികകൾ വലിയ വാർത്തയാക്കി മാറ്റി. നിഷ്കളങ്കമായ മദർ തെരേസ തൻെറ പ്രവൃത്തി തെറ്റിദ്ധരിക്കപ്പെട്ടതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. മദർ തെരേസായ്ക്ക് എന്തുകൊണ്ടാണ് ദളിത് വിഭാഗങ്ങളോട് കൂടുതൽ കരുണ കാണിക്കേണ്ടിവന്നത്? ദളിത് ക്രിസ്ത്യാനികൾ ആരാണ്? എന്താണ് അവരുടെ പ്രശ്നം? എന്നൊക്കെ അന്വേഷിക്കുവാൻ ഒരു പാർട്ടി വക്താവും ഒരു പത്രമാധ്യമവും തയ്യാറായില്ല.

നൂറ്റാണ്ടുകളായി ഇന്ത്യയിൽ നില നിന്നിരുന്ന വർണ്ണ ജാതി വ്യവസ്ഥയുടെ മൃഗീയമായ പീഡനങ്ങൾക്ക് ഇരയായിരുന്ന കീഴാള ജനവിഭാഗങ്ങൾ, സുദീർഘമായ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത ജനാധിപത്യ അവകാശമാണ് സംവരണം. ജാതിവ്യവസ്ഥയുടെ എല്ലാവിധ പീഡനങ്ങളും ഏറ്റുവാങ്ങിയ ദളിതർ, ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ സംവരണാവകാശത്തിന് അയോഗ്യരായിത്തീരുന്നത് ഒരു കാരണവശാലും നീതികരിക്കാനാവില്ല. ബോധ്യമുള്ള മതത്തിൽ വിശ്വസിക്കാൻ ഒരു പൗരന് ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശത്തിൻെറ വ്യക്തമായ ലംഘനമാണിത്. ദളിത് ക്രൈസ്തവർക്ക് സംവരണാവകാശം നിഷേധിക്കുന്നത് മതപരമായ വിവേചനമാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഏഴ് കമ്മീഷനുകൾ ഇവർക്ക് അനുകൂലമായി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടും സർക്കാർ ഇതുവരെയും ആ നിർദ്ദേശങ്ങൾ ചെവിക്കൊണ്ടിട്ടില്ല. ഇന്ത്യയിലെ കത്തോലിക്കരിൽ 60 ശതമാനത്തിലധികം ദളിത് ക്രൈസ്തവരാണ്. സഭയുടെ പ്രവർത്തന മണ്ഡലങ്ങളിൽ അവരിന്നും പുറംപോക്കുകളിൽതന്നെ കഴിയുകയാണ്.

സ്വതന്ത്ര ഇന്ത്യയുടെ സുവർണ്ണ ജൂബിലി നാം ആഘോഷിച്ചെങ്കിലും ദളിതർ സ്വതന്ത്രരായി എന്ന് പൂർണ്ണമായും പറയാനാവില്ല. കേരളം പോലുള്ള

ആരംഭിച്ച സാമൂഹിക സ്വാതന്ത്ര്യസമരങ്ങളുടെ ആവേശം പുതു തലമുറയും ഏറ്റെടുക്കേണ്ടതുണ്ട്.

ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന ദളിത് പ്രസ്ഥാനത്തിനും ദളിത് ദൈവശാസ്ത്രത്തിനും വാ. ചാവറയച്ചൻ നൽകിയിട്ടുള്ള ചരിത്രപരമായ സംഭാവനകളെക്കുറിച്ച്, ഒരു എളിയ അന്വേഷണമാണ് ഈ ചെറിയ പ്രബന്ധം. ഇതിൽ ഇതിനു മുമ്പ് പഠനം നടത്തിയിട്ടുള്ളവരുടെ നിഗമനങ്ങൾ സുലഭമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഒരു ഗവേഷണ പഠനത്തിൻെറ സംതൃപ്തിയേക്കാൾ നൂറ്റാണ്ടുകളായി വിവേചനത്തിനു വിഷയമാകുന്നവരുടെ പക്ഷത്തു നില്ക്കാൻ ചാവറ അച്ചനെപോലെ ആരെങ്കിലും പ്രചോദിതരാക്കുമെങ്കിൽ അതൊരു ചെറിയ സേവനമാകുമല്ലോ എന്ന ചിന്തയാണ് ഈ പുസ്തകം തയ്യാറാക്കാൻ എനിക്കു പ്രേരകമായിട്ടുള്ളത്. ഈ സംരംഭത്തിന് പ്രോൽസാഹനവും നിർദ്ദേശങ്ങളും സഹായങ്ങളും നൽകിയ ഡോ. കല്ലുവീട്ടിലച്ചനും ഈ പ്രമേയ പഠനത്തിനാവശ്യമായ നിർദ്ദേശങ്ങളും ചരിത്ര രേഖകളും നൽകിയ ഡോ. മത്തിയാസ് മുണ്ടാടനച്ചനും ഡോ. തോമാസ് കാടൻകാവിലച്ചനും കംപ്യൂട്ടറിൽ ടെക്സ്റ്റ് തയ്യാറാക്കിയ ചാക്കോ തലക്കോട്ടൂരിനും ഭാഷാശുദ്ധി നടത്തിയ അഗസ്റ്റിൻ തോട്ടനാനിക്കും എൻെറ കൃതജ്ഞത അർപ്പിക്കുന്നു.

മാർച്ച് 19, 1998 — വിത്സൺ കോക്കാട്ട് സി. എം. ഐ.

# അവതാരിക

വാ. ചാവറയുടെ ദളിത് ദർശനമെന്ന ഈ ലഘുഗ്രന്ഥം ചാവറയച്ചന്റെ വ്യക്തിത്വത്തിന്റെ ഒട്ടും ശ്രദ്ധിക്കപ്പെടാത്ത ഒരു മാനം പുറത്തുകൊണ്ടുവരുന്നു. ദളിതരെ ഒന്നാമതായി അവരുടെ മനുഷ്യമഹത്വത്തിലേക്ക് കൊണ്ടുവരികയും എന്നിട്ട് അവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് ആനയിക്കുകയും ചെയ്യുക എന്ന ചാവറയച്ചന്റെ ദളിത് ദൈവശാസ്ത്രവീക്ഷണം മൂന്നാം സഹസ്രാബ്ദത്തിലേക്ക് പ്രതീക്ഷയോടെ കടന്നു ചെല്ലുവാൻ ഭാരതക്രൈസ്തവസഭയ്ക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഒരു വീക്ഷണം തന്നെയാണ്.

ഈ അവതാരികയുടെ ലക്ഷ്യം ഈ ലഘുപ്രബന്ധത്തിലെ ചില അവകാശവാദങ്ങളും അന്തർധാരകളും കുറെക്കൂടി വ്യക്തമാക്കുകയാണ്. ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന ഒരു സമകാലികപ്രശ്നം സംവരണമാണല്ലോ. അയിത്തത്തിനു വിധേയമായിരുന്ന സമൂഹങ്ങൾക്ക് സംഭവിച്ച സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ കഴിയുന്നതുംവേഗം പരിഹരിക്കാൻ രാഷ്ട്രം അവർക്കായി കാരുണ്യപൂർവ്വം നൽകിയിരിക്കുന്ന പ്രത്യേക പരിരക്ഷ ആ സമൂഹാംഗങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു എന്നതിന്റെപേരിൽ ആവശ്യപ്പെടരുതെന്ന് പറയുന്നതിൽ യാതൊരു നീതീകരണവുമില്ലെന്നു പ്രശ്നത്തിന്റെ നാനാ വശങ്ങൾ പരിശോധിച്ചതിന്റെശേഷം ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ഭൂരിപക്ഷസമുദായത്തിന്റെ എതിർപ്പുമൂലം ന്യായമായ ഈ അവകാശം നേടി എടുക്കുക പ്രയാസമായി കാണുന്നതുകൊണ്ട് ക്രൈസ്തവദളിതർ സ്വജാതിയിലുള്ള സഹദളിതരുമായി വിശാലമായ ഒരു ഐക്യം കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തിലേക്ക് പ്രബന്ധത്തിലെ ചർച്ച കടക്കുന്നില്ലെങ്കിലും അത് സർവ്വ ദളിതരുടെയും പക്ഷം ചേരുന്ന യേശുവിന്റെ മൂലരൂപത്തെ ചുറ്റിപ്പറ്റി വികസിക്കേണ്ട ദളിത് ദൈവശാസ്ത്രത്തിന്റെ അന്തർധധാര പീഡിതവർഗ്ഗത്തോടുള്ള സർവ്വ ക്രൈസ്തവരുടെയും പക്ഷംചേരൽ തന്നെയാണ് എന്ന് സമർത്ഥിക്കുന്നുണ്ട്. ഈ ഉന്നതാദർശത്തിന്റെ പത്തൊമ്പതാം നൂറ്റാണ്ടിലെ ചരിത്രാവിഷ്കരണമായി വാ. ചാവറയച്ചനെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തെപ്പറ്റി വിവേകാനന്ദൻ പറയുന്നത് ഇപ്രകാരമാണ്. "മലബാറിൽ ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ ഒരു വിഡ്ഢിത്തം ഇതിനു മുമ്പ് ലോകത്തിൽ എവിടെ എങ്കിലും ഉണ്ടായിട്ടുണ്ടോ? സവർണ്ണർ നടക്കുന്ന തെരുവിൽ പാവപ്പെട്ട പറയനു നടന്നുകൂടാ. പക്ഷെ മിശ്രമായ ഒരു ഇംഗ്ലീഷ് നാമം അല്ലെങ്കിൽ മുഹമ്മദീയനാമം സ്വീകരിച്ചാൽ മതി എല്ലാം ഭദ്രമായി. ഈ മലബാർകാരെല്ലാം ഭ്രാന്തന്മാരാണ്. ഇവരുടെ വീടുകളത്രയും ഭ്രാന്താലയങ്ങ

മരിക്കുമ്പോൾ ശ്രീനാരായാണഗുരു പതിനഞ്ചു വയസ്സുമാത്രം പ്രായമുള്ള് ഒരു ബാലനായിരുന്നു. കേരളത്തിലെ നവോത്ഥാനനായകരിൽ വാ. ചാവറയച്ചൻ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽതന്നെ പ്രവർത്തനരംഗത്തെത്തുന്നു. ചാവറയച്ചൻ ക്രൈസ്തവസമൂഹത്തിന്റെ ആദ്ധ്യാത്മിക നവോത്ഥാനത്തിനുവേണ്ടി മാത്രം പ്രവർത്തിച്ച ഒരു സമുദായനേതാവു മാത്രമായിരുന്നു എന്ന വിമർശനത്തിനെതിരായി രണ്ടു കാര്യങ്ങളാണ് ചൂണ്ടിക്കാണിക്കുവാൻ കഴിയുക. വിവേകാനന്ദൻ ചൂണ്ടിക്കാണിച്ചതുപോലുള്ള ഒരു മലബാറിൽ ഓരോ നവോത്ഥാന നേതാക്കന്മാരുടെയും സ്വാധീനശക്തി അവരുടെ സമുദായത്തിൽ ഒതുങ്ങി നിന്നിരുന്നു. ഇതുതന്നെയാണല്ലൊ ശ്രീനാരായണഗുരുവിന്റെയും, അയ്യൻകാളിയുടെയും, അബ്ദുൾഖാദർ മൗലവിയുടെയും മന്നത്ത് പത്മനാഭന്റെയും കാര്യത്തിൽ കാണുന്നത്. എന്നാൽ ചാവറയച്ചന്റെ നവോത്ഥാനസംരംഭങ്ങൾ സ്വന്ത സമുദായത്തിനു പുറത്തും സ്വാധീനം ചെലുത്തിയിരുന്നു. ഇതെക്കുറിച്ച് അനന്ദകൃഷ്ണൻ എഴുതുന്നു: "മിഷനറിമാർ തന്നെയാണ് ഈ ദുസ്ഥിതിക്ക് മാറ്റമുണ്ടാക്കിയത്. തങ്ങളുടെ വിദ്യാലയങ്ങളിൽ അവർ ജാതിവ്യവസ്ഥ അംഗീകരിച്ചില്ല. എല്ലാ ജാതിയിലും പെട്ട വിദ്യാർത്ഥികൾക്കും പ്രവേശനം നൽകിയിരുന്നു." തൊട്ടുകൂടാത്ത താഴ്ന്ന ജാതികളെ വിദ്യാലയത്തിൽ പ്രവേശിപ്പിക്കുക മാത്രമല്ല, അവർക്കു നിഷിദ്ധമായിരുന്ന സംസ്കൃതം തന്നെ അവരെ പഠിപ്പിച്ച് ജാതിയുടെ പേരിലുള്ള വിലക്കുകളെ പത്തൊമ്പതാംനൂറ്റാണ്ടിന്റെ പൂർവ്വാർത്ഥത്തിൽതന്നെ ധീരമായി വെല്ലു വിളിക്കുകയും ചെയ്ത പ്രഥമ തദ്ദേശീയ വൈദികനായിരുന്നു വാ. ചാവറ അച്ചൻ.

സ്വന്തസുറിയാനി സമുദായത്തിനും അദ്ദേഹം ഒരു വെല്ലുവിളിയായിരുന്നു. സ്വന്തജാതിയുടെ മഹത്വവും ശുദ്ധിയും മാത്രം ചിന്തിച്ചിരുന്ന സുറിയാനി കത്തോലിക്കാ സമുദായത്തിലേക്ക് ജാതിശ്രേണിയുടെ അടിത്തട്ടിൽ നിന്നിരുന്ന ജാതികളെ സ്നേഹപൂർവ്വം പ്രവേശിപ്പിച്ചു എന്നത്, മതബോധനമെന്നതിനേക്കാൾ, സ്വന്തജാതിയിൽ ജാതിയെക്കുറിച്ചുണ്ടായിരുന്ന ദുരഭിമാനത്തിനെതിരായ ഒരു തുറന്ന സമരം തന്നെയായിരുന്നു. ഈ ധീരമായ മുന്നേറ്റത്തിന്റെ കഥയാണ് ഈ ഗ്രന്ഥത്തിന്റെ അഞ്ചാം അദ്ധ്യായത്തിൽ അനാവരണം ചെയ്തിരിക്കുന്നത്.

ചുരുക്കത്തിൽ വാ. ചാവറയച്ചനെക്കുറിച്ച് ശ്രീ. സുകുമാർ അഴീക്കോട് പറഞ്ഞതുതന്നെയാണ് നമുക്കും പറയുവാൻ കഴിയുക: "19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരിൽ ചിലർ കേരളത്തിൽ ഇന്നനുസ്മരിക്കപ്പെടുന്നുണ്ടെങ്കിൽ, 19-ാം നൂറ്റാണ്ടു മാത്രമല്ല 20-ാം നൂറ്റാണ്ടുകൂടെ സൃഷ്ടിച്ചവരാണ് അവരെന്ന് നാം ഓർക്കണം. ചാവറയച്ചൻ അത്തരം പൂർവ്വയുഗകർത്താക്കളായ മഹാന്മാരിൽ ഒരാളാണ്." പിന്നീടു വരാനുള്ള ഒരു നൂറ്റാണ്ടിന്റെ രൂപരേഖകൾകൂടെ വരച്ചു കാട്ടിയിട്ടാണു ചാവറയച്ചൻ കടന്നുപോയതെന്ന നമ്മുടെ അംഗീകാരം, അദ്ദേഹത്തിന് ഇന്നു നമുക്കു നല്കാൻ കഴിയുന്ന ഏറ്റവും വലിയ ബഹുമതിയാണ്. ഇന്നും നമുക്കു വേണ്ടവിധം ഉൾക്കൊള്ളാൻ കഴിയാത്ത അദ്ദേഹത്തിന്റെ ദളിത് ദർശനം, ഈ രാജ്യത്തിന്റെ ഭാവിയെ സുരക്ഷിതമാക്കുന്ന ദിവ്യദർശനമാണ്. ഈ ദർശനത്തിന് ഊടും പാവും നെയ്ത ഗ്രന്ഥകാരന് ഭാവുകങ്ങൾ നേരുന്നു.

# അവതരണം

സമൂഹത്തിലും സഭയ്ക്കുള്ളിലും ജാതിവിവേചനത്താൽ അവഗണിക്കപ്പെടുന്ന ഒരു ജനവിഭാഗമാണ് ദളിത് ക്രൈസ്തവർ. ദളിതരെ ഉദ്ധരിക്കുവാനുള്ള ചരിത്രപ്രസിദ്ധമായ സംവരണനിയമം 1936-ൽ നിലവിൽ വന്നു. ബ്രിട്ടീഷ് പാർലമെന്റ് ഈ നിയമം പാസാക്കുമ്പോൾ ഇന്ത്യയിലെ ക്രിസ്ത്യാനികൾ പട്ടികജാതി വിഭാഗത്തിൽ വരില്ലെന്ന് വ്യക്തമാക്കിയിരുന്നു. കാരണം ക്രൈസ്തവമതന്യൂനപക്ഷമെന്ന പേരിൽ അവർക്ക് പ്രത്യേക സംവരണം നൽകിയിരുന്നു. അതുകൊണ്ട് പട്ടികജാതി എന്ന പേരിലുള്ള സംവരണം നിരോധിച്ചു. കൂടാതെ ക്രൈസ്തവസഭയ്ക്കുള്ളിൽ നടമാടുന്ന ജാതിവിവേചനത്തെക്കുറിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് അജ്ഞത നടിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം 1950 ആഗസ്റ്റ് 10-ാം തീയതി അന്നത്തെ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് പുറപ്പെടുവിച്ച വിവാദപരമായ പ്രസിഡൻഷ്യൽ ഉത്തരവ് വഴി, ഹിന്ദുമതവിശ്വാസികൾ അല്ലാത്തവരുടെ സംവരണാവകാശം നഷ്ടപ്പെട്ടു.

നിരന്തരമായ പോരാട്ടങ്ങളിലൂടെ 1956-ൽ സിക്കു മതവിശ്വാസികളും 1990-ൽ ബുദ്ധമതവിശ്വാസികളും ആയ ദളിതർ പട്ടികജാതി സംവരണത്തിന് അർഹത നേടിയെടുത്തു. മറ്റു മതങ്ങളിൽ വിശ്വസിക്കുന്ന ദളിതർ ഇപ്പോഴും അവഗണനയുടെ കയ്പുനീർ കുടിക്കുകയാണ്. ഏതു മതത്തിലായാലും ദളിതർ ഇപ്പോഴും ദളിതരായിത്തന്നെ തുടരുന്നു എന്നതാണ് സത്യം. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ചിരുന്ന വാ. ചാവറയച്ചന് വ്യക്തമായ ദളിത് ദർശനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ദളിത് ക്രൈസ്തവരുടെ നവോത്ഥാനത്തിനുവേണ്ടി പല പ്രവർത്തനങ്ങളും നടന്നു. കാലക്രമത്തിൽ ആ പ്രവർത്തനങ്ങളുടെ ശക്തി ദുർബ്ബലപ്പെട്ടു. വാ. ചാവറയച്ചന്റെ ഈ ഉദാത്ത ദർശനങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള പരിമിതമായ അറിവേ അദ്ദേഹത്തിന്റെ സഭാംഗങ്ങൾക്കുപോലുമുള്ളു. ഈ പ്രമേയത്തിന്റെ പ്രസക്തിയും പ്രശ്നങ്ങളും മനസ്സിലാക്കണമെങ്കിൽ ആഴമായ പഠനങ്ങളും ഗവേഷണങ്ങളും, അതുവഴി ഉചിതമായ പ്രവർത്തനങ്ങളും, ആവശ്യമായിരിക്കുന്നു.

ചാവറയച്ചന്റെ ദളിത് ദർശനമാണല്ലോ നമ്മുടെ വിഷയം. അതേക്കുറിച്ച് കാര്യമായ ശാസ്ത്രീയ രേഖകൾ നമുക്ക് ലഭിച്ചിട്ടില്ലെന്നത് ഈ ഗവേഷണത്തിന്റെ സങ്കീർണ്ണത വർദ്ധിപ്പിക്കുന്നു. വളരെ ആനുകാലികപ്രസക്തിയുള്ള ഈ പ്രമേയം പഠിക്കുന്നതുന് എന്റെ ദൈവശാസ്ത്രപഠനത്തിന്റെ സാഹചര്യത്തിൽ ഇപ്പോൾ ധർമ്മാരാമിൽ ലഭിക്കുന്ന രേഖകളെ മാത്രമാണ് ആശ്രയിച്ചിരിക്കുന്നത്. ഈ പരിമിതി സവിനയം ഏറ്റു പറയട്ടെ. കേരളസഭാചരിത്രപണ്ഡിതനായ ഡോ. മത്തിയാസ് മുണ്ടാടനച്ചനുമായി ചരിത്രപരമായ രേഖകളേക്കുറിച്ചും കേരളസമുദായസംവിധാനത്തെക്കുറിച്ചും നീണ്ട ചർച്ചകൾ നടത്തുവാൻ അവസരം ലഭിച്ചിട്ടുണ്ട്. അതുപോലെ ധർമ്മാരാമിലെ അപൂർവ്വ ഗ്രന്ഥശേഖരം പരിശോധിച്ച് ചില പുരാതന രേഖകൾ കണ്ടെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ദളിത് പ്രശ്നത്തെക്കുറിച്ചുള്ള പഠന

ക്ഷേത്രത്തിൽ 'സെന്റർ ഫോർ ദളിത് സോളിഡാരിറ്റി' (Centre for Dalit Solidarity)യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഏകദിനസെമിനാറിലും വാരാന്ത്യക്ലാസ്സുകളിലും ബാംഗ്ലൂർ സെൻട്രൽ കോളേജിൽ സംഘടിപ്പിക്കപ്പെട്ട 'കാസ്റ്റ് ഐഡെന്റിറ്റി' (Caste Identity)യെക്കുറിച്ചുള്ള ഏകദിനസെമിനാറിലും പങ്കെടുക്കുവാൻ അവസരം ലഭിച്ചു. കർണ്ണാടക, കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ദളിത് നവോത്ഥാന പ്രസ്ഥാനങ്ങളിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന പ്രശസ്തരെ ഈ സെമിനാറുകളിലൂടെ കാണുവാനും അവരുമായി സംസാരിക്കുവാനും അവസരം ലഭിച്ചത്, എന്റെ കാഴ്ചപ്പാട് ആഴപ്പെടുത്തുന്നതിന് സഹായകമായി. വാ. ചാവറയച്ചന്റെ ദർശനത്തെക്കുറിച്ചുള്ള പ്രബന്ധത്തിന്റെ ഡയറക്ടറായ ഡോ. കല്ലുവീട്ടിലച്ചനുമായി പലപ്പോഴും ചർച്ച ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രബന്ധരചനയിൽ സഹായകരമായിട്ടുണ്ട്. ഇപ്രകാരം ഈ പ്രബന്ധരചനയിൽ നേരിട്ട ബുദ്ധിമുട്ടുകൾ കുറെയൊക്കെ പരിഹഹിക്കുവാൻ കഴിഞ്ഞു.

ദളിതരോടുള്ള വാ. ചാവറയച്ചന്റെ സമീപനവും ആ പ്രശ്നത്തിന് അദ്ദേഹം നൽകിയ സംഭാവനകളും വിലയിരുത്തണമെങ്കിൽ അക്കാലത്തെ കേരളസമുദായത്തിന്റെ ചരിത്രം അറിയേണ്ടിയിരിക്കുന്നു. അതരം ചരിത്രാവലോകനത്തിനു മുമ്പ് ദളിത് ദൈവശാസ്ത്രം വിശദമാക്കുക അത്യാവശ്യമാണ് അതിന്റെ പശ്ചാത്തലത്തിൽ വേണമല്ലോ കേരളചരിത്രവും ചാവറപിതാവിന്റെ ദളിതരോടുള്ള സമീപനവും അപഗ്രഥിക്കുവാൻ. തന്മൂലം പ്രബന്ധത്തിന്റെ അവതരണക്രമം താഴെ പറയുന്ന പ്രകാരമായിരിക്കും.

ആദ്യമായി ദളിത് ക്രിസ്ത്യാനികളുടെ സമകാലിക പ്രശ്നങ്ങളിലേക്ക് ഒരു വിഹഗവീക്ഷണം നടത്തുന്നു. ആ പഠനം പശ്ചാത്തലമൊരുക്കാൻ ഉപകരിക്കുമല്ലോ. ആ പ്രാരംഭ അദ്ധ്യായത്തിനുശേഷം ദളിത് ദൈവശാസ്ത്രത്തെക്കുറിച്ചുള്ള ഒരു സംഗ്രഹപഠനം നടത്തുകയാണ്. ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ പ്രബന്ധവിഷയം അവതരിപ്പിക്കുവാൻ കളമൊരുക്കുന്നുവെന്നു പറയാം. മൂന്നാം അദ്ധ്യായത്തോടെ പ്രബന്ധപ്രമേയത്തിലേക്ക് പ്രവേശിക്കുകയാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ ദളിതരെ മനസ്സിലാക്കണമെങ്കിൽ അക്കാലത്തെ കേരളസമുദായത്തിന്റെ സ്ഥിതിവിശേഷം പഠനവിഷയമാക്കേണ്ടതുണ്ട്. മൂന്നാം അദ്ധ്യായം അതിനായി നീക്കി വച്ചിരിക്കുന്നു. കേരളത്തിലെ സാമുദായികപ്രശ്നങ്ങൾ അവിടെ വിലയിരുത്തുന്നു. നാലാം അദ്ധ്യായത്തിലാകട്ടെ, കേരളസമുദായപ്രശ്നങ്ങൾ പരിഹരിക്കുവാൻ പരിശ്രമിച്ച നേതാക്കളെക്കുറിച്ച് പഠിക്കുന്നു. ആ നവോത്ഥാന നായകരിൽ ശ്രീനാരായണഗുരുവിനോടും വിവേകാനന്ദനോടും അയ്യങ്കാളിയോടും ഗാന്ധിജിയോടും മന്നത്ത് പത്മനാഭനോടും വൈക്കം അബ്ദുൾ ഖാദറിനോടും അംബേദ്കറിനോടും കിടപിടിക്കുന്ന വ്യക്തിയാണ് വാ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. എന്നാൽ അദ്ദേഹത്തിന്റെ ഉദാത്ത ദർശനവും സംഭാവനകളും അധികമാരും അറിയുകയും അംഗീകരിക്കുകയും ചെയ്തിട്ടില്ല. തന്മൂലം അഞ്ചാം അദ്ധ്യായം ചാവറയച്ചന്റെ ദളിത് ദർശനം സംഗ്രഹരൂപത്തിൽ അവതരിപ്പിക്കുകയാണ്. ഈ പ്രബന്ധം അവസാനിക്കുക ചില പൊതുനിരീക്ഷണങ്ങളോടെയാണ്. വാ. ചാവറ പിതാവിന്റെ ദർശനം കൈമുതലാക്കി ഇന്നിന്റെ വെളിച്ചത്തിൽ അതിന് നിയതരൂപം നൽകി അത്

## അദ്ധ്യായം 1

# ദളിത് ക്രിസ്ത്യാനികളുടെ സമകാലികപ്രശ്നങ്ങൾ

### ദളിത് ക്രിസ്ത്യാനികളുടെ ഇന്നത്തെ അവസ്ഥ

ഇന്ത്യൻ ഭരണഘടനയും മൗലികമായ മാനുഷികാവകാശങ്ങളും പ്രകടമായി നിഷേധിച്ചുകൊണ്ട് ഇന്ത്യൻ പ്രസിഡന്റ് 1950 ആഗസ്റ്റ് 10-ാം തീയതിയിലെ കല്പനവഴി പട്ടികജാതിയിൽ നിന്നുള്ള ക്രൈസ്തവർക്ക് വർഷങ്ങളായി നൽകിയിരുന്ന സംവരണം നിർത്തൽ ചെയ്തു. മതേതര ഇന്ത്യയിലെ ക്രൈസ്തവസഭയ്ക്ക് ഏറ്റ വലിയ പ്രഹരമാണിത്. സഭ അവഹേളിതയായി. അവശ്യം തിരുത്തപ്പെടേണ്ട ഒരു അനീതി. ദളിത് ക്രിസ്ത്യാനികൾ പ്രധാനമായും കത്തോലിക്കാ, ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ, സി.എസ്.ഐ., സി.എൻ.ഐ., രക്ഷാസൈന്യം, ചർച്ച് ഓഫ് ഗോഡ്, ലൂതറൻ ചർച്ച്, സി.എം.എസ്സ്., ആംഗ്ലിക്കൻചർച്ച്, മറ്റു സ്വതന്ത്രസഭകൾ എന്നീ സഭകളിലായാണ് നിലകൊള്ളുന്നത്. ഭാരതക്രൈസ്തവരിൽ ബഹുഭൂരിപക്ഷം വരുന്ന ദളിത് ക്രിസ്ത്യാനികളുടെ പ്രശ്നം ഭാരതസഭയുടെ തന്നെ നിലനിൽപ്പിന്റെ പ്രശ്നമാണ്.

സമൂഹത്തിലെ താണ തലങ്ങളിൽ നിന്നും അടിമവർഗ്ഗങ്ങളിൽനിന്നും ആളുകൾ ക്രൈസ്തവസഭയിൽ ചേർന്നത് വലിയ പ്രതീക്ഷകളോടെയായിരുന്നു. മിഷനറിമാർ നേതൃത്വം നൽകിയിരുന്ന കാലത്ത് അക്കൂട്ടർക്ക് പല നേട്ടങ്ങളുമുണ്ടായിരുന്നു. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും അവരുടെ നില ഗണ്യമായി മെച്ചപ്പെട്ടു. എന്നാൽ ഇന്നത്തെ അവസ്ഥ അതല്ല. ഹൈന്ദവസഹോദരങ്ങൾക്കു ഗവൺമെന്റിൽനിന്നും ലഭിക്കുന്ന അവകാശങ്ങളിൽ പലതും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും അവരുമായി തുല്യനിലയിൽ കഴിയുന്ന ക്രൈസ്തവദളിതർക്ക് മതത്തിന്റെ പേരിൽ ഇന്ന് നിഷേധിച്ചിരിക്കുകയാണ്.

ഈ പരിതസ്ഥിതിയിൽ, ചിലർ ക്രിസ്തുമതത്തോടു വിടപറഞ്ഞ് ഹൈന്ദവരായിത്തീരുവാൻ നിർബന്ധിതരായിട്ടുണ്ട്. മറ്റു ചിലർ തങ്ങൾ ഒരിക്കൽ സ്വീകരിച്ച വിശ്വാസത്തിൽനിന്നും പിന്തിരിഞ്ഞുപോകാതെ സഭയ്ക്കുള്ളിൽ നിന്നുകൊണ്ട് അവകാശങ്ങൾക്കുവേണ്ടി ന്യായമായ വിധത്തിൽ സമരം ചെയ്യുന്നു. ദളിത് ക്രിസ്ത്യാനിക

## സാമൂഹികവും സാംസ്കാരികവും മതപരവുമായ വിവേചനം

നൂറ്റാണ്ടുകളായി ഇന്ത്യയെ ഗ്രസിച്ചിരുന്ന മാരകരോഗമാണ് ജാതിവ്യവസ്ഥ. സാമൂഹ്യപിന്നോക്കാവസ്ഥയുടെ മാനദണ്ഡവും ജാതിതന്നെ. മറ്റൊരിടത്തും ദൃശ്യമല്ലാത്ത നികൃഷ്ടമായ ഈ ജാതിവ്യവസ്ഥയെ, വിശ്വാസപരവും മതപരവുമായ മാനങ്ങൾ നൽകി, സുദൃഢമാക്കുന്നതിൽ സുപ്രധാനമായ പങ്കു വഹിച്ചിട്ടുള്ളത് 'ഹിന്ദുമത സംഹിതകളാണ്'[1]. മാനവ സമൂഹത്തെ പല തട്ടുകളായി വേർതിരിച്ച്, അവരിൽ ഒരു വിഭാഗത്തെ ഉൽകൃഷ്ടരും, മറ്റുള്ളവരെ അധമരുമായി ചിത്രീകരിച്ച്, അവർ തമ്മിൽ സ്പർശനമോ ദർശനമോ പാടില്ലെന്നുപോലും വിലക്കുന്ന ഒന്നായിരുന്നു ഈ ജാതിവ്യവസ്ഥ. ജന്മം കൊണ്ടുതന്നെ ജാതി നിർണ്ണയിക്കപ്പെടുന്നതിനാൽ ചെറിയൊരു ന്യൂനപക്ഷം അവരുടെ ജന്മംകൊണ്ടുതന്നെ എല്ലാ വിധ സൗഭാഗ്യങ്ങളും കൈവശപ്പെടുത്തി. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന ജനത പരമ്പരാഗതമായി എല്ലാവിധ യാതനകളും പീഡകളും അവഹേളനങ്ങളും ഏറ്റുവാങ്ങി അടിമകളേക്കാൾ കഷ്ടതരമായി ജീവിച്ചുപോന്നു. സാമൂഹികമായ ഈ അസമത്വം മൂലമാണ് ദളിതർ പിന്തള്ളപ്പെടാൻ ഇടയായത്.

ജാത്യാചാരങ്ങളുടെ പേരിൽ അക്ഷരവും അറിവും അയിത്ത ജാതികൾക്ക് നിഷേധിക്കപ്പെട്ടു. സവർണ്ണഹിന്ദു വിഭാഗത്തിൽനിന്ന് ക്രിസ്തുമതം സ്വീകരിച്ചവർ, ജാതിവേർതിരിവുകളില്ലാത്ത തങ്ങളുടെ മതത്തിൽപോലും അവർണ്ണ ജാതിയിൽനിന്നും പരിവർത്തനം ചെയ്തവരെ തുല്യതയോടെ ഉൾക്കൊള്ളാൻ തയ്യാറായില്ല. അഡ്വ. തമ്പാൻ തോമസ് ഇപ്രകാരം പറയുന്നു: "ദളിത് ക്രൈസ്തവർക്ക്, പ്രത്യേക പള്ളികളും ശ്മശാനസ്ഥലങ്ങളും സ്കൂളുകളും ഉണ്ടാക്കി. ഇവരുമായുള്ള വിവാഹബന്ധങ്ങൾക്കും, കൂട്ടുചേരലിനും, ഉന്നത (സവർണ്ണ) ക്രിസ്ത്യാനികൾ എതിരായി പ്രവർത്തിച്ചു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ ഇതിന് ഒന്നാന്തരം ഉദാഹരണമാണ്."[2]

ജാതിവ്യവസ്ഥയുടെ ചട്ടക്കൂട്ടിൽനിന്നു രക്ഷപെടാനുള്ള ഒരു മാർഗ്ഗം എന്ന നിലയിൽ അവർണ്ണർ ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. സാമൂഹ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ വിദേശികളായ മിഷനറിമാരുടെ ഭാഗത്തുനിന്നു ചില നീക്കങ്ങൾ ഉണ്ടായെങ്കിലും മതപരിവർത്തനം ചെയ്ത അയിത്തജാതിക്കാരുടെ സാമൂഹികനിലയിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായില്ല. താൽക്കാലികമായ ചില ഭൗതികനേട്ടങ്ങൾ ഉണ്ടായെങ്കിലും ജാതിവ്യവസ്ഥയുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് രക്ഷപ്പെടുവാൻ മതപരിവർത്തനംകൊണ്ട് പൂർണ്ണമായി സാധിച്ചില്ല. ഹിന്ദുമതത്തിന്റെ സവിശേഷതയായി ഗണിക്കപ്പെടുന്ന "ചാതുർവർണ്ണ്യസംസ്കാരം"[3] മറ്റു മതങ്ങളുടെ മേലും ശക്തമായി സ്വാധീനം ചെലുത്തിയതിന്റെ പ്രതിഫലനമാണിത്. ഹിന്ദുമതത്തിലും മറ്റു മതങ്ങളിലും നിലനിൽക്കുന്ന സവർണ്ണാധിപത്യത്തിന്റെ ഇരകളെന്ന് ഈ പുതുക്രിസ്ത്യാനികളെ വിശേഷിപ്പിക്കാം. ജാതിവ്യവസ്ഥയുടെ തിക്തഫലങ്ങൾ നൂറ്റാണ്ടുകളായി അനുഭവിച്ചുകൊണ്ടിരിക്കുന്നവരെന്ന നിലയിൽ തീർച്ചയായും അവർക്കെല്ലാം ജാതിസംവരണത്തിന് അർഹതയുണ്ട്.

## സാമ്പത്തികമായ വിവേചനം

ന്നവരും സവർണ്ണരെന്നും കായികാദ്ധ്വാനം നടത്തുന്ന അദ്ധ്വാനവർഗ്ഗം അവർണ്ണരെന്നും അവിടെ മുദ്ര കുത്തിയിരിക്കുകയാണ്. പരമ്പരാഗതമായ വർഗ്ഗങ്ങൾ അവരുടെ തൊഴിൽ തലമുറകളായി തുടർന്നു ചെയ്തപ്പോൾ അവ ജാതിയുടെ അടിസ്ഥാനത്തിൽ അറിയപ്പെടുന്ന വർഗ്ഗമായിത്തീർന്നു. ആശാരി, മൂശാരി, കൊല്ലൻ തുടങ്ങിയവർ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തപ്പോഴും അവർ ചെയ്തുവന്ന കുലതൊഴിലുകളിൽ തന്നെ തുടർന്നു. അതവരുടെ ജീവിതമാർഗ്ഗമായിരുന്നല്ലോ. കീഴ്ജാതിക്കാർ മതം മാറിയാലും സാമൂഹികമായോ സാമ്പത്തികമായോ യാതൊരു നേട്ടവും ലഭിക്കാത്ത ഒരു വ്യവസ്ഥിതി. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാർക്കാകട്ടെ സംവരണാവകാശവും നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

ഇന്ത്യയിലെ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ സംവരണം ജനസംഖ്യാടിസ്ഥാനത്തിലാണ്. "ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 22.55 ശതമാനമാണ് ഇവർ. സംവരണകാര്യത്തിൽ നിയമനങ്ങൾക്ക് കേന്ദ്രഗവൺമെന്റ് 22.5 ശതമാനവും (15 ശതമാനം പട്ടികജാതിക്കാരും 7.5 ശതമാനം പട്ടികവർഗ്ഗത്തിനും) സംസ്ഥാനഗവൺമെന്റ് 10 ശതമാനവും (8 ശതമാനം പട്ടികജാതിക്ക് 2 ശതമാനം പട്ടികവർഗ്ഗത്തിന്) നീക്കി വച്ചിരിക്കുന്നു. ഈ 22.5 ശതമാനം ജനസംഖ്യയിൽ വരുന്നവരാണ് മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാരും. ഹിന്ദുമതത്തിൽ നിന്നും മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരും ഇതിൽപ്പെടുന്നു.[4] പരിവർത്തനക്രിസ്ത്യാനികൾക്ക് സംവരണം നൽകണമെന്ന ആവശ്യം മുഴുവൻ അധഃസ്ഥിത പിന്നോക്ക വിഭാഗങ്ങളും ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ ഇന്ന് തങ്ങൾക്കുള്ള അവസരങ്ങൾ കുറയുമോയെന്ന ആശങ്കയിൽ മറ്റു അധഃസ്ഥിത വിഭാഗങ്ങളാണ് ഇതിനെ ഏറ്റവും കൂടുതൽ എതിർക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ക്രിസ്തുമതം സ്വീകരിക്കുമ്പോൾ അവർക്കു മാത്രം സംവരണം നിഷേധിക്കുന്നത് വിവേചനപരമാണ്. ഡോ. തോമസ് കാടൻകാവിലിന്റെ പഠനപ്രകാരം, "ക്രൈസ്തവരിൽ മുന്നോക്കക്കാർ 13 ശതമാനം, ട്രൈബൽ ക്രിസ്ത്യാനികൾ 12 ശതമാനം, പിന്നോക്കവിഭാഗം 15 ശതമാനം, ദളിത് ക്രൈസ്തവർ 60 ശതമാനം. ക്രൈസ്തവസമൂഹത്തിലെ ഒരു ചെറിയ ശതമാനം സമ്പന്നരായതുകൊണ്ട് 60 ശതമാനം വരുന്ന ദളിത് ക്രൈസ്തവർക്ക് സംവരണം നൽകേണ്ടതില്ലെന്ന വാദം അർത്ഥശൂന്യമാണ്. സിക്കുകാരെ 1956ലും നെയോബുദ്ധമതക്കാരെ 1990ലും പട്ടികജാതിയിൽ ഉൾപ്പെടുത്തിയപ്പോൾ മേൽപറഞ്ഞ തടസ്സവാദങ്ങളൊന്നും ഉന്നയിക്കപ്പെട്ടില്ല".[5] പട്ടികജാതി പട്ടികവർഗ്ഗങ്ങൾ തങ്ങളുടെ മതം മാറി എന്നതുകൊണ്ട് അവരുടെ മൗലീകാവകാശങ്ങൾക്ക് മാറ്റം വരുന്നില്ല. കേവലം മതം മാറ്റംകൊണ്ട് സാമൂഹികപുരോഗതിയോ സാമ്പത്തികവളർച്ചയോ ഉണ്ടാകുന്നില്ല.

## രാഷ്ട്രീയമായ അന്യവൽക്കരണം

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമൂഹികവിവേചനത്തിനും സാമ്പത്തിക ചൂഷണത്തിനും വിധേയരായിക്കഴിഞ്ഞിരുന്നവർ 1935 വരേയും അധഃസ്ഥിതവർഗ്ഗക്കാർ എന്നറിയപ്പെട്ടു. 1935-ൽ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് നടപ്പാക്കിയപ്പോൾ അനേകം വിഭാഗങ്ങളിലായി അറിയപ്പെട്ടിരുന്ന അധഃസ്ഥിതർ

കാരം ബ്രിട്ടീഷ് ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്നു. അതനുസരിച്ച് 1936-ൽ ഗവൺമെന്റ് ഓഫ് ഇന്ത്യ ഉത്തരവ് ജാതിയുടെ പേരിൽ വിവേചനം അനുഭവിക്കുന്ന, അധഃസ്ഥിതവർഗ്ഗങ്ങളെ ചേർത്തുള്ള പട്ടിക (ഷെഡ്യൂൾ) പ്രഖ്യാപിച്ചു. ഈ ഉത്തരവിലുള്ള പട്ടികജാതിക്കാരുടെ നിർവചനത്തിൽ, ഇപ്രകാരം കാണുന്നു:

"No Indian Christian shall be deemed to be a member of the scheduled caste…"[6] ക്രൈസ്തവസഭയ്ക്കുള്ളിൽ നടമാടുന്ന ജാതിവിവേചനത്തെക്കുറിച്ചും അതിന്റെ ഭീകരതയെക്കുറിച്ചും വേണ്ടത്ര പരിജ്ഞാനമില്ലാതിരുന്നതിനാലാണ് ബ്രിട്ടീഷ് പാർലമെന്റ് ഇത്തരമൊരു നിലപാട് സ്വീകരിക്കാനിടയായത്. ദളിത് ക്രൈസ്തവർക്ക് ലഭ്യമാകേണ്ട നീതിയാണ് ഇതിലൂടെ നിഷേധിക്കപ്പെട്ടത്. ഭരണഘടനാ-നിർമ്മാണക്കമ്മിറ്റി മദ്രാസ്സിൽ നടത്തിയ സിറ്റിങ്ങിൽ കേരളത്തിലെ ക്രൈസ്തവരെ പ്രതിനിധീകരിച്ചെത്തിയവർ തങ്ങൾക്കിടയിൽ ജാതിയില്ലെന്നു പ്രഖ്യാപിച്ചതും ദളിത് ക്രൈസ്തവരുടെ സംവരണാവകാശത്തെ പ്രതികൂലമായി ബാധിച്ചു.

ഭരണഘടനപ്രകാരം പട്ടികജാതിക്കാർ ആരെല്ലാമെന്ന് നിശ്ചയിക്കുവാൻ പ്രസിഡന്റിനെ അധികാരപ്പെടുത്തുന്ന 341(11) വകുപ്പനുസരിച്ച് പ്രസിഡന്റ് 1950-ൽ കോൺസ്റ്റിട്യൂഷൻ ഓർഡർ പ്രഖ്യാപിച്ചു. പ്രസ്തുത ഓർഡറിലെ മൂന്നാം ഖണ്ഡികയിൽ, … "No person who profess a religion different from Hinduism shall be deemed to be a member of a scheduled caste…"[7] എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 1956-ൽ സിക്കുകാരുടെ സമ്മർദ്ദത്തിന്റെ ഫലമായി മൂന്നാം ഖണ്ഡിക ഇപ്രകാരം ഭേദഗതി ചെയ്യപ്പെട്ടു. "No Person who profess a religion different from Hinduism or the Sikh religion shall be deemed to be a member of a scheduled caste"[8]

1990-ൽ നെയോബുദ്ധമതക്കാരെ പട്ടികജാതിയിൽ ഉൾപ്പെടുത്തി. ഭരണഘടന 25-ാം വകുപ്പിൽ സിക്കുകാരും ബുദ്ധമതക്കാരും ഹിന്ദുക്കളാണെന്നു വിശദീകരിക്കുന്നുണ്ട്. ഒരു പട്ടികജാതി ക്രിസ്ത്യാനി ഹിന്ദുമതത്തിലേക്കു മടങ്ങിയാൽ, പട്ടികജാതി ഹിന്ദുക്കൾക്ക് വ്യവസ്ഥ ചെയ്തിരിക്കുന്ന സംരക്ഷണവ്യവസ്ഥകൾക്ക് അർഹനാകുന്നുവെന്നുള്ള വ്യവസ്ഥ ഏറ്റവും വിചിത്രകരമാണ്. 1959-ൽ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഒരു കല്പന ഇപ്രകാരമാണ്.

"…the Government of India have recently had the occasion to consider the question whether a person belonging to a scheduled caste who had removed Hinduism by converting himself to another religion, will revert to his original scheduled caste if he becomes a Hindu again. After examination the Government of India are advised that such reconverts who originally belonged to a scheduled caste should be deemed reverted to his original caste and would be eligible for the privileges and assistance provided for the members of the scheduled caste"[9]

മതേതരമെന്ന് സ്വയം പ്രഖ്യാപിച്ചിരിക്കുന്ന ഭാരതത്തിന് ഇത് അവഹേള

ത്തികവുമായ പിന്നോക്കാവസ്ഥയല്ലെന്നുമുള്ള വാദം സംവരണം ഏർപ്പെടുത്തുന്നതിൽ ഭരണഘടനാ നിർമ്മാതാക്കൾ സ്വീകരിച്ചിരുന്ന അടിസ്ഥാനതത്വത്തിന് (വകുപ്പ് 40) കടകവിരുദ്ധമാണ്.

## സംവരണത്തിന്റെ പ്രാധാന്യം

സംവരണം എന്നത് ആജീവനാന്തമുള്ള ഒരു പരിപാടിയല്ല. സാമൂഹികവും ചരിത്രപരവുമായ കാരണങ്ങൾ മൂലം സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നു പുറന്തള്ളപ്പെട്ടുപോയ ജനവിഭാഗങ്ങളുടെ ഭരണപരവും രാഷ്ട്രീയവുമായ പങ്കാളിത്തം ഉറപ്പുവരുത്തി, സാമൂഹ്യനീതി നടപ്പാക്കുന്നതിനുള്ള ഒരുപാധിയാണിത്. പട്ടികജാതി-പട്ടികവർഗ്ഗക്കാർ തങ്ങളുടെ മതം മാറി എന്നതുകൊണ്ട് അവരുടെ മൗലീകാവകാശങ്ങൾക്ക് മാറ്റം വരുന്നില്ല. കേവലം മതംമാറ്റംകൊണ്ട് സാമൂഹ്യപുരോഗതിയോ സാമ്പത്തിക വളർച്ചയോ ഉണ്ടാകുന്നില്ല. അധഃസ്ഥിതരെ പിന്നോക്ക അവസ്ഥയിൽനിന്ന് മുന്നോട്ടു കൊണ്ടുവരാനാണ് സംവരണത്തിന്റെ വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാലാ കാലങ്ങളിൽ നടത്തുന്ന വിലയിരുത്തലുകളിലൂടെ ഈ സംവരണത്തിന്റെ തോത് പുനഃനിർണ്ണയം ചെയ്യണം. ദുർബലവിഭാഗങ്ങളെ സംരക്ഷിക്കാനും സമൂഹത്തിന്റെ മുൻപന്തിയിലേക്ക് അവരെ കൊണ്ടുവരുവാനും ഈ സംവരണസമ്പ്രദായം കുറെ കാലത്തേക്കുകൂടി ആവശ്യമാകും. "സംസ്ഥാനഗവൺമെന്റുകളിൽനിന്നും സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ പിന്നോക്കസമുദായ ന്യൂനപക്ഷം എന്ന പേരിൽ ക്രൈസ്തവ ദളിതർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിരുന്നു.."[10] സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരുടെ ഉയർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ സംസ്ഥാനങ്ങളെ അധികാരപ്പെടുത്തുന്ന (ഭരണഘടന: 16:330/342) വകുപ്പുകൾ ദളിത് ക്രൈസ്തവരുടെ കാര്യത്തിൽ പല സംസ്ഥാനങ്ങളിലും വിവേചനപരമായിട്ടാണ് നടപ്പിലാക്കുന്നത്.

## രാഷ്ട്രീയപാർട്ടികളുടെ കാപട്യം

സംവരണത്തിലൂടെ, രാഷ്ട്രത്തിന്റെ നിയമനിർമ്മാണ പ്രക്രിയയിലും അധികാരോപയോഗത്തിലും പങ്കാളിത്തം ലഭിച്ചാൽ, അതു പിന്നോക്കവിഭാഗങ്ങളുടെ പദവിയെ ഉയർത്തുന്നുവെന്നുള്ള ചിന്ത അവരിൽ ഉളവാക്കുമെന്നുള്ളത് ശരിയാണ്. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈയവസരത്തിൽ, നമ്മുടെ ഭരണഘടന വിഭാവന ചെയ്യുന്നതുപോലെ തുല്യാവകാശങ്ങളോടുകൂടിയ സ്വാതന്ത്ര്യം നാമിന്ന് അനുഭവിക്കുന്നുണ്ടോ? സവർണ്ണാധിപത്യത്തിന്റെ സുവർണ്ണജൂബിലിയല്ലേ ഇന്ന് ആഘോഷിക്കുന്നത്? ഇടതും വലതുമായ രാഷ്ട്രീയ പാർട്ടികൾ വിമോചനത്തിന്റെ മോഹനഗാനവുമായി ദളിതിന്റെ വോട്ടുബാങ്കിനു മുമ്പിൽ തപസ്സിരിക്കുന്നു. ജാതിപിശാചിനെതിരെ, നിശാക്ലാസ്സുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തി, മർദ്ദിതന്റെയും ചൂഷിതന്റെയും കൂട്ടുകാരനായി ഭാവിച്ച അവർക്കു വേണ്ടത് അധികാരമാണ്. രാഷ്ട്രീയപാർട്ടികളുടെ ലക്ഷ്യം സാമൂഹ്യപുരോഗതിയായിരുന്നില്ല, സ്വന്തം താല്പര്യം മാത്രമായിരുന്നെന്ന് കാലം തെളിയിച്ചിരിക്കുന്നു. ജാതി-വർഗ്ഗ വിഘടിത ഗ്രൂപ്പുകളെ വിറ്റു കാശാക്കുന്ന രാഷ്ട്രമീമാംസയുടെ സ്ഥാനത്ത് വിശ്വസാഹോദര്യത്തെ അംഗീകരിക്കുന്ന ഒരു ബഹുജനമുന്നേറ്റം, ഒരു ജനകീയപ്ര

ഭാരതത്തിലെ ദുർബ്ബലവിഭാഗങ്ങളുടെ ജീവിതനിലവാരത്തെക്കുറിച്ച് പഠിക്കുവാൻ നിയുക്തമായ ഒരു സുപ്രധാന കമ്മീഷനാണ് മണ്ഡൽകമ്മീഷൻ. മതപരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ അവർ വ്യക്തമായി പഠിക്കുകയുണ്ടായി. അവരുടെ അഭിപ്രായം ഇതാണ്, "ഒരു വിശ്വാസത്തിൽനിന്ന് മറ്റൊരു വിശ്വാസത്തിലേക്ക് മാറുന്നു എന്ന കാരണത്താൽ സാമൂഹിക-സാമ്പത്തികസ്ഥിതികൾക്ക് മാറ്റം വരുന്നില്ല. ക്രിസ്തുമതം-ബുദ്ധമതം-സിക്കുമതം തുടങ്ങിയ മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സംവരണം തുടർന്നും നൽകണം."[11] കേരളത്തിൽ പിന്നോക്കവിഭാഗത്തെക്കുറിച്ച് പഠനം നടത്തിയ കുമാരപിള്ള കമ്മീഷനും നെട്ടൂർ കമ്മീഷനും സംവരണാനുകൂല്യങ്ങൾ പരിവർത്തന ക്രിസ്ത്യാനികൾക്ക് നൽകണമെന്നു തന്നെയാണ് ശുപാർശ ചെയ്യുന്നത്.

ദളിത് ക്രൈസ്തവരുടെ നിരന്തരമായ പ്രതിഷേധസമരങ്ങൾക്ക് വളരെ തണുത്ത പ്രതികരണമാണ് പാർലമെന്റിൽനിന്നുണ്ടായിട്ടുള്ളത്. ഒരു ഭേദഗതിയിലൂടെ പരിഹാരം ഉണ്ടാക്കാമെന്ന് പറഞ്ഞ ഐക്യമുന്നണി ഗവർമ്മേണ്ട് ഭയന്നു മാറിനിന്നു. സവർണ്ണ മതവിഭാഗത്തിന്റെ എതിർപ്പുകൾ ഉണ്ടാകുമോ എന്ന ഭയം. ജാതിമത ചിന്തകൾ രാഷ്ട്രീയത്തെ സ്വാധീനിച്ചിരിക്കുന്നു. ആ കാഴ്ചപ്പാടുകൾ വോട്ടുകൾ നിർണ്ണയിക്കുന്നു. മതപരമായ വികാരങ്ങൾ ഇളക്കി ഭൂരിപക്ഷ വോട്ടുകൾ നഷ്ടപ്പെടാനുള്ള അവസരം രാഷ്ട്രീയപാർട്ടികൾ ഉണ്ടാക്കുകയില്ല. പുതുതായി ഉയർന്നു വരുന്ന ഹിന്ദുത്വവാദം ദളിതക്രൈസ്തവരുടെ സംവരണപ്രശ്നത്തിന് വിലങ്ങുതടിയാണ്. മതപരിവർത്തനത്തിനുള്ള പ്രോത്സാഹനമായി ഒരു കൂട്ടർ ദളിത് ക്രൈസ്തവരുടെ സംവരണപ്രശ്നത്തെ വിലയിരുത്തുമ്പോൾ ഭരണാധികാരികൾ ഭയപ്പെടുന്നു. അവർ നൽകിയ ഉറപ്പുകൾ അവർ തന്നെ വിഴുങ്ങുന്നു.

## നിരീക്ഷണം

ദളിത് ക്രൈസ്തവർ മതേതരരാഷ്ട്രമായ ഭാരതത്തിലെ സ്വതന്ത്രപൗരന്മാരാണ്. അതുകൊണ്ട് ചരിത്രപരമായ കാരണങ്ങളാൽ സാമൂഹികവും സാമ്പത്തികവുമായി പിന്തള്ളപ്പെട്ട അവരുടെ ഉയർച്ചയ്ക്ക് സഹായകരമായ എല്ലാ സംരക്ഷണവ്യവസ്ഥകൾക്കും മറ്റാരേയുംപോലെ അവർക്ക് അർഹതയും അവകാശവുമുണ്ട്. നൂറ്റാണ്ടുകളായി അദ്ധ്വാനത്തിൽകൂടി ദേശീയസമ്പത്തു വർദ്ധിപ്പിക്കുവാൻ കഠിനപ്രയത്നം ചെയ്ത സമൂഹത്തിന് അതിന്റെ വളർച്ചയ്ക്ക് പൊതുഖജനാവിൽനിന്ന് ന്യായമായ വിഹിതം ലഭിക്കാൻ അവകാശം ഉണ്ട്. ഇത് നേടിയെടുക്കുവാൻ ദളിത് ക്രൈസ്തവനേതൃത്വം ഭിന്നതകൾ മറന്ന്, സ്വകാര്യതാല്പര്യങ്ങൾ ത്യജിച്ച് ഒറ്റക്കെട്ടായി അണി നിരക്കണം. ഭാരതക്രൈസ്തവരിൽ ബഹുഭൂരിപക്ഷം വരുന്ന ദളിത് ക്രിസ്ത്യാനികളുടെ പ്രശ്നം ഭാരതസഭകൾ സ്വന്തം പ്രശ്നമായിക്കാണണം.

## അടിക്കുറിപ്പുകൾ

1. ഋഗ്വേദം, മനുസ്മൃതി

3. ഋഗ്വേദം, 10, 90:11

4. അഡ്വ. തമ്പാൻ തോമസ്, "ദളിത് ക്രൈസ്തവരുടെ സംവരണപ്രശ്നം" പേജ് 17

5. ഡോ. തോമസ് കാടൻകാവിൽ, സംവരണത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ചരിത്രം, പേജ് 8

6. കെ.എം. ചാക്കോ, "ദളിത് ക്രൈസ്തവരോടുള്ള വിവേചനം സമൂഹത്തിലും രാഷ്ട്രത്തിലും", ദളിതർ വിമോചനപാതയിൽ, പേജ് 30.

7. കെ.എം. ചാക്കോ Op. cit. പേജ് 31,32

8. Ibid. പേജ് 32

9. Letter No. 18-4-58 SCT IV dated July 23, 1959. From the Deputy Secretary of the Government of India, Ministry of Home Affairs, New Delhi.

10. ഡോ. തോമസ് കാടൻകാവിൽ, സംവരണത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ചരിത്രം, പേജ് 1.

11. Dominic, George, S.J, "Mandal Commission and the Future of Dalits", Journal of Dharma, 14, 1991, page 61-71.

# അദ്ധ്യായം 2
# ദളിത് ദൈവശാസ്ത്രം

### പ്രാരംഭം

ഭാരതത്തിലെ ജനസംഖ്യയിൽ 16 ശതമാനത്തോളം വരുന്ന ജനങ്ങൾ പഞ്ചമർ, തൊട്ടുകൂടാത്തവർ, ഹരിജനങ്ങൾ, പട്ടികജാതിക്കാർ എന്നറിയപ്പെടുന്ന 'ദളിത്' ആളുകൾ ആകുന്നു. പോൾ ചിറക്കരോട് ഇപ്രകാരം പറയുന്നു: "ദളിത് എന്ന പേര് അടുത്തകാലത്ത് രൂപം പ്രാപിച്ച ഒരു ദേശീയപദപ്രയോഗമാണ്. 'ദളിത്' എന്ന പദം സംസ്കൃതത്തിലെ 'ദാൽ' 'വെട്ടി മുറിക്കുക', 'അടിച്ചമർത്തുക' എന്ന ധാതുവിൽ നിന്നുത്ഭവിക്കുന്നു. ദളിത് എന്നാൽ 'വെട്ടി മുറിക്കപ്പെട്ടവർ' അഥവാ 'അടിച്ചമർത്തപ്പെട്ടവർ എന്നർത്ഥം'.[1] ഇന്ത്യയിലെ ദളിതുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കയ്പേറിയ അനുഭവങ്ങൾക്ക് ബൈബിൾ മുന്നോട്ടു വയ്ക്കുന്ന

"അലയുന്ന ഒരു അരമയനായിരുന്നു എന്റെ പിതാവ്. ചുരുക്കം പേരോടു കൂടെ അവൻ ഈജിപ്തിൽ ചെന്ന് അവിടെ പരദേശിയായി പാർത്തു. അവിടെ അവൻ മഹത്തമവും ശക്തവും അസംഖ്യവുമായ ഒരു ജനമായി വളർന്നു. എന്നാൽ ഈജിപ്തുകാർ ഞങ്ങളോട് ക്രൂരമായി പെരുമാറുകയും ഞങ്ങളെ മർദ്ദിക്കുകയും ഞങ്ങളെക്കൊണ്ട് അടിമവേല എടുപ്പിക്കുകയും ചെയ്തു. അപ്പോൾ, ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവിനോട് നിലവിളിച്ചപേക്ഷിച്ചു. അവിടന്നു ഞങ്ങളുടെ നിലവിളികേട്ടു. ഞങ്ങളനുഭവിക്കുന്ന നിന്ദയും ക്ലേശവും മർദ്ദനവും അവിടന്നു കണ്ടു. ശക്തമായ കരംനീട്ടി, ഭീതിജനകമായ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ച് കർത്താവ് ഞങ്ങളെ ഈജിപ്തിൽനിന്ന് മോചിപ്പിച്ചു."

## ദളിത് ദൈവശാസ്ത്രം

ദൈവശാസ്ത്രമെന്നത് കേവലവിശ്വാസങ്ങളുടെ പ്രഖ്യാപനമല്ല. പിന്നെയോ, ഒരു ജനതയുടെ ജീവിതപോരാട്ടത്തിൽ, അവരുടെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിതാനുഭവങ്ങൾക്കു നൽകുന്ന വ്യാഖ്യാനമാണ്. സവർണ്ണഹിന്ദുവിന്റെയെന്നതുപോലെ യൂറോപ്പിലോ സാമ്രാജ്യവാദികളുടെയും ദൈവസങ്കല്പം യജമാനദൈവസങ്കല്പമാണെങ്കിൽ, ദളിത് ദൈവശാസ്ത്രത്തിലെ ദൈവസങ്കല്പം ഭൃത്യദൈവസങ്കല്പമാണ്. മനുഷ്യരാശിയുടെ സേവകരായ മനുഷ്യരെ വിമോചനത്തിലേക്കു നയിക്കുന്ന ദൈവത്തെയാണ് ദളിത് ദൈവശാസ്ത്രം അവതരിപ്പിക്കുന്നത്. ഈ സങ്കല്പം യേശുക്രിസ്തുവിലൂടെ ലോകത്തിനു വെളിപ്പെടുത്തപ്പെട്ട ദൈവസങ്കല്പത്തോട് രൂപത്തിലും ഭാവത്തിലും പൊരുത്തപ്പെട്ടിരിക്കുന്നു.

മനുസ്മൃതി അനുശാസിക്കുന്നപ്രകാരം സ്വയംഭൂവായ ഈശ്വരൻ മറ്റു മൂന്നു വർണ്ണങ്ങളിലും പെട്ടവരുടെ അടിമകളായിരിക്കുവാൻ ശൂദ്രനെ സൃഷ്ടിച്ചു. അടിമത്തം അവരുടെ സ്വധർമ്മമാണ്.

"ഉത്തമം കുശലംവിദ്യ

മധ്യമം കൃഷി വാണിഭം

അധമം സേവയാം വൃത്തി"[2]

മറ്റുള്ളവരെ സേവിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നതിനു പകരം മനുഷ്യരിൽ ഒരു വിഭാഗത്തെ അതിനായി സൃഷ്ടിച്ച് അവരെ അടിമകളാക്കി വച്ചുകൊണ്ട് അവരുടെ സ്വാതന്ത്ര്യത്തെ തടഞ്ഞു വയ്ക്കുന്ന ദേവൻ ദളിത് ദൈവശാസ്ത്രത്തിന്റെ ചിന്തകൾക്കപ്പുറത്താണ്. ഇന്ത്യയിലെ പീഡിതജനത, തങ്ങളുടെ ജീവിതവുമായി താദാത്മ്യപ്പെടുന്ന ഒരു പുതിയ യേശുവിനെ കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. ഏശയ്യാ പ്രവാചകന്റെ വാക്കുകൾ കൊണ്ടു വരച്ച ഒരു ചിത്രത്തിന്റെ കണ്ടെത്തൽ മാത്രമാണത്:

"ശ്രദ്ധാർഹമായ രൂപഭംഗിയോ ഗാംഭീര്യമോ-.ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടു

ച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദു:ഖങ്ങളാണ് അവൻ ചുമന്നത്. എന്നാൽ ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്ന് നാം കരുതി. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷനൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. ആടുകളെപ്പോലെ നാം വഴിതെറ്റിപ്പോയി, നാമോരോരുത്തരും സ്വന്തം വഴിക്കുപോയി, നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെമേൽ ചുമത്തി. അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുന്നിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു." (ഏശയ്യാ 53:2-7) ഇന്ത്യൻ ദളിതുകളുടെ അവസ്ഥ ഇതിൽനിന്ന് ഒട്ടും ഭിന്നമല്ല. ബൈബിളിലെ സുവിശേഷകന്മാർ ഏശയ്യാ പ്രവാചകന്റെ ഈ വാക്യങ്ങൾ യേശുവിൽ സാക്ഷാൽകൃതമായിക്കണ്ടു. ഇന്ത്യയിലെ ദളിതർ അടിച്ചമർത്തപ്പെടുന്ന ഈ യേശുവിന്റെ സ്ഥാനത്ത് തങ്ങളെത്തന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു.

## ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവം

ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവത്തെ പുറപ്പാട് സംഭവത്തിൽ നമുക്ക് കാണുവാൻ സാധിക്കും. പുറപ്പാട് സംഭവത്തിലെ ജനം ഒരു പ്രത്യേക വിഭാഗമായ യഹൂദജാതിയെയാണു സൂചപ്പിക്കുന്നതെങ്കിലും, കഷ്ടത അനുഭവിക്കുന്ന, സാമ്പത്തിക സാമൂഹിക രാഷ്ട്രീയ മേഖലകളിൽ അസമത്വത്തിനും ചൂഷണത്തിനും വിധേയമാകുന്ന എല്ലാ സമൂഹങ്ങളെയും അത് പ്രതിനിധാനം ചെയ്യുന്നു. അടിമത്തം അനുഭവിക്കുന്ന ജനം. സ്വതന്ത്രമായി ജോലി ചെയ്യുവാൻ അവകാശമില്ലാതിരുന്ന ജനം, ചെയ്യുന്ന ജോലിക്ക് അർഹമായ വേതനം ലഭിക്കാതിരുന്ന ജനം. ഇവരുടെ മോചനത്തിനുവേണ്ടിയുള്ള നിലവിളിയുടെ ശബ്ദം കേട്ട ദൈവം അരുളിച്ചെയ്യുന്നു. "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടിരിക്കുന്നു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിനിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേൾക്കുകയും ചെയ്തു. അവരുടെ യാതനകൾ ഞാൻ അറിയുന്നുണ്ട്. മാത്രമല്ല ഞാൻ ഇറങ്ങി വന്നിരിക്കുന്നത്, ഈജിപ്തുകാരുടെ കയ്യിൽനിന്ന് അവരെ മോചിപ്പിക്കുവാനും."(പുറപ്പാട് 3:7-8)ആണ്. ഇവിടെ നാം കാണുക ചൂഷണത്തിനും അസമത്വത്തിനും വിധേയരായി കഷ്ടപ്പെടുന്ന ജനത്തെ സമുദ്ധരിക്കുവാൻ പ്രവർത്തിക്കുന്ന ദൈവത്തെയാണ്.

ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവസാന്നിദ്ധ്യം വിമോചന പ്രക്രിയയിൽ മാത്രമല്ല ഇസ്രായേൽ ജനതയുടെ മുമ്പോട്ടുള്ള പ്രയാണത്തിലും ഉടനീളം കാണുവാൻ സാധിക്കും. ന്യായാധിപന്മാരുടെ കാലഘട്ടത്തിലും (ന്യായ. 11:29) രാജാക്കന്മാരുടെ കാലഘട്ടത്തിലും (2സാമുവേൽ 12:1-12) പ്രവാചകന്മാരുടെ കാലഘട്ടത്തിലും (ആമോസ് 8:1-6) ഇതു തുടർന്നുപോകുന്നുണ്ട്.

യാഹ്‌വെ ഇസ്രായേലിന്റെ മാത്രം ദൈവമാണെന്നും അതുപോലെ ഇസ്രാ

കന്റെ പുസ്തകത്തിലും (ഏശയ്യാ.48:1-9) എടുത്തു പറയുന്നുണ്ട്. ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥൻ ദൈവമായതുകൊണ്ട് സ്വകാര്യസ്വത്തവകാശത്തിന് പരമാർത്ഥത്തിൽ നീതീകരണമില്ല. പാട്ടക്കാർക്കെന്നപോലെ ദൈവം കുറച്ച്പേർക്ക് ഭൂമിയും അതിലെ സമ്പത്തുകളും ഏല്പിച്ചുകൊടുത്തിട്ടുള്ളത്, അവ സംസ്കരിച്ചെടുത്ത് സമൂഹത്തിലെ സർവ്വരുടെയും ജീവിതോൽക്കർഷത്തിനു സമർപ്പിക്കുവാനുള്ള ഉത്തരവാദിത്വത്തോടുകൂടിയാണ് (ലേവ്യ 25:23). ഈ സത്യം ദൈവജനത്തെ അനുസ്മരിപ്പിക്കുവാൻ വേണ്ടിയാണ് ജൂബിലി വർഷം ഉണ്ടായത് (ലേവ്യ 25:8-19)

## യേശുവിന്റെ കാലത്തെ ജാതിവ്യവസ്ഥ

രൂക്ഷമായ ജാതിവ്യവസ്ഥ നിലനിന്നിരുന്ന ഒരു സമുദായത്തിലാണ് യേശു ജീവിച്ചിരുന്നത്. ജന്മം നൽകിയ കുടുംബം, തൊഴിൽ, വിദ്യാഭ്യാസം, രോഗാവസ്ഥ എന്നിവയുടെ പേരിൽ രൂക്ഷമായ ഉച്ചനീചത്വം അന്ന് നിലവിലിരുന്നു. ഫരിസേയരും നിയമജ്ഞരും ഉൾപ്പെട്ട മേലാളവർഗ്ഗം ഒരുവശത്ത്. ചുങ്കക്കാരും പാപികളും ചേർന്ന അധഃസ്ഥിതർ മറുവശത്ത്. യേശുവിന്റെ കാലത്തെ ജാതിവ്യവസ്ഥയെക്കുറിച്ച് എസ്. പൈനാടത്ത് ഇപ്രകാരം പറയുന്നു, "കഴിഞ്ഞ അഞ്ചു തലമുറകളിലെങ്കിലും തന്റെ പൂർവ്വികർ ആരും യഹൂദനല്ലാത്ത ഒരു സ്ത്രീയെയോ പുരുഷനെയോ വിവാഹം കഴിച്ചിട്ടില്ല എന്ന് തെളിയിച്ചാൽ മാത്രമേ, ഒരു യഹൂദന്, അന്ന് സാമൂഹികശ്രേണിയുടെ മേൽത്തട്ടിൽ സ്ഥാനം ഉറപ്പിക്കാൻ കഴിയുമായിരുന്നുള്ളൂ. സമുദായത്തിലെ പൗരോഹിത്യം, സഭാഭരണം, നീതിന്യായം അദ്ധ്യാപനം, ദേവാലയശുശ്രൂഷ എന്നീ നിർണ്ണായക ഉദ്യോഗങ്ങൾ ഈ വരേണ്യവിഭാഗത്തിൽപെട്ടവർക്ക് സംവരണം ചെയ്തിരുന്നു. കുഷ്ഠരോഗികൾ, അപസ്മാരരോഗികൾ, ബധിരർ, അന്ധർ, തളർവാതരോഗികൾ എന്നിവർ അശുദ്ധരായിരുന്നു. സംശുദ്ധരായ മേലാളന്മാരും അശുദ്ധരായി കരുതപ്പെട്ടുപോന്ന അധഃസ്ഥിതരും തമ്മിലുള്ള വിടവ് വളരെ രൂക്ഷമായിരുന്നു. മേലാളന്മാർ വിരുന്നു സൽക്കാരങ്ങളിലേക്ക് സ്വന്തം മതത്തിൽപെട്ട കീഴാളന്മാരെ ഒരിക്കലും ക്ഷണിക്കുമായിരുന്നില്ല. സിനഗോഗുകളിലോ ദേവാലയത്തിലോ അവർ ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുമായിരുന്നില്ല. കഴിയുന്നതും അവരുടെ കടകളിൽനിന്ന് സാധനങ്ങൾ വാങ്ങുമായിരുന്നില്ല. അവരിലാരെയെങ്കിലും വിവാഹം കഴിക്കു അചിന്ത്യമായിരുന്നു. യഹൂദസമുദായത്തിലെ അധഃസ്ഥിതരെ ആകമാനം ഉദ്ദേശിച്ചാണ് 'ചുങ്കക്കാരും പാപികളും' എന്ന പദം സുവിശേഷകർത്താക്കൾ പ്രയോഗിക്കുന്നത്."[3]

## യേശുവിന്റെ പ്രതികരണം

മനുഷ്യനും മനുഷ്യനുമിടയ്ക്ക് കനത്ത മതിലുകൾ സൃഷ്ടിച്ച ഈ സമൂഹത്തിലേക്കാണ് യേശു കടന്നുവന്നത്. അപ്പസ്തോലനായ പൗലോസ് ശ്ലീഹ, ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ വിവരിക്കുന്നു. "യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട്, ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃ

(ഫിലി. 2: 6-8) ദരിദ്രജനത്തിന്റെ മോചനത്തിനായി സമ്പന്നനായിരുന്ന കർത്താവ് ദരിദ്രരിൽ ദരിദ്രനായി ജനിച്ചു എന്നതുതന്നെ ആ ജനത്തോടുള്ള താദാത്മ്യപ്പെടലായിരുന്നു.

യേശുക്രിസ്തുവിന്റെ ആദ്യപ്രസംഗം ഇപ്രകാരമായിരുന്നു, "ദരിദ്രരെ സുവിശേഷം അറിയിക്കാൻ, അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു." (ലൂക്കാ 4:18-19). സാധാരണ യഹൂദന്മാരെപ്പോലെയല്ലായിരുന്നു യേശുവിന്റെ ഉപദേശവും ജീവിതവും. അവർ അന്നത്തെ സാമൂഹികവ്യവസ്ഥിതിയെയും ക്രമത്തെയും നിലനിർത്തുന്ന രീതിയിലുള്ള, സാധാരണ ജനത്തെ അംഗീകരിക്കാത്ത ഉപദേശങ്ങളും പ്രവർത്തനങ്ങളും ആയിരുന്നു സ്വീകരിച്ചത്. കഷ്ടപ്പെടുന്നവരുടെയും, സാമൂഹ്യ അക്രമത്തിന്റെയും, വേദനയുടെയും മണ്ണിൽ നിന്നുകൊണ്ട് ആ വേദനകളേയും പ്രയാസങ്ങളേയും പേറി അതിൽനിന്നും ഉളവാകുന്ന അടങ്ങാത്ത രോഷത്തിന്റെയും പ്രതീക്ഷകളുടെയും ശബ്ദമായിരുന്നു, എന്നും എവിടെയും യേശു.

കുഷ്ഠരോഗിയെ തൊടുന്നത് നിഷിദ്ധമായിരുന്ന കാലഘട്ടത്തിൽ യേശു മനഃപ്പൂർവ്വം കുഷ്ഠരോഗിയെ തൊട്ടു സുഖപ്പെടുത്തി (ലൂക്കാ 15:12-14). തന്റെ കാല്ക്കൽ വന്നുവീണ ഹീനയായ സ്ത്രീയുടെ ആത്മാർത്ഥമായ സ്നേഹത്തെ മേലാളരുടെ ആതിഥ്യമര്യാദയെക്കാൾ ഉയർത്തിക്കാട്ടി (ലൂക്കാ 7:36-50). ചണ്ഡാലയായ ഒരു പെണ്ണിനോട് വെള്ളം ഇരന്നു വാങ്ങിക്കുടിച്ചു (യോഹ 4:5-10) അഭിശപ്തമായ സക്കേവൂസിന്റെ വീട്ടിലേക്ക് സ്നേഹപൂർവ്വം കയറിച്ചെന്നു (ലൂക്കാ 19:1-10). ജീവിക്കുവാൻ അവകാശം നിഷേധിക്കപ്പെട്ട ഒരു സാധുസ്ത്രീക്ക് പുതുജീവൻ നൽകി. സമുദായ നേതൃത്വത്തിന്റെ കാപട്യത്തെ തള്ളിപറഞ്ഞു (യോഹ 8:1-11). ഇവിടെയെല്ലാം യേശു യഥാർത്ഥത്തിൽ ചെയ്തത്, ജാതിവ്യവസ്ഥയുടെയും സങ്കുചിത സമുദായ ചിന്തയുടെയും ജയിലറകളിൽനിന്ന് വ്യക്തികളെ വിമോചിപ്പിക്കുകയായിരുന്നു.

അധഃസ്ഥിതരോട് യേശു പക്ഷം ചേർന്നത് ഏറ്റവും വ്യക്തമായി കാണുന്നത് യേശുവിന്റെ ഭക്ഷണമേശയിലാണ്. സമുദായത്തിന്റെ പുറമ്പോക്കുകളിൽ കിടന്നു നരകിച്ചിരുന്ന ഹീനന്മാരെ വിളിച്ച് കൂടെയിരുത്തി യേശു ക്ഷണം കഴിക്കുമായിരുന്നു. ഊട്ടുമേശയുടെ വിമോചനാത്മകമായ ആന്തരാർത്ഥം വിശദമാക്കിക്കൊണ്ട് യേശു പറഞ്ഞ ഉപമകൾ ശ്രദ്ധേയമാണ്. പാവങ്ങൾ അന്തിയുറങ്ങിയിരുന്ന തെരുവുകളിൽ നിന്ന് തന്റെ വീടു നിറയുവോളം ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും ഉൾപ്പെട്ട ദളിതരെയെല്ലാം കൂട്ടിക്കൊണ്ടുവന്ന് വിരുന്ന് നടത്തുന്ന യജമാനന്റെ കഥയിലൂടെ യേശു വ്യക്തമാക്കിയത് തന്റെ ഭക്ഷണമേശയിലൂടെ പ്രകാശിതമാകുന്ന രക്ഷാകരപദ്ധതിയാണ്. "നിങ്ങൾ ഒരു വിരുന്നൊരുക്കുമ്പോൾ ദരിദ്രരേയും വികലാംഗരെയും മുടന്തരെയും കുരുടരെയും ആണ് ക്ഷണിക്കേണ്ടതെന്ന് (ലൂക്കാ 14:13-14) യേശു വ്യക്തമായി പറഞ്ഞു. ഓരോ മനുഷ്യനും [illegible] കൊടുക്കുന്ന ഒരു സാമൂഹികദർശനമാണ് യേശു തന്റെ

## യേശു പീഡിതവർഗ്ഗത്തിന്റെ മൂലരൂപം

മനുഷ്യരെ വിമോചനത്തിലേക്കു നയിക്കുന്ന ദൈവത്തെയാണ് ദളിത് ദൈവശാസ്ത്രം അവതരിപ്പിക്കുന്നത്. ഈ വിമോചനം സാദ്ധ്യമാക്കുവാൻ "യേശു തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ചു." (ഫിലി. 2:6-8) അതുകൊണ്ട് ഇനി ദൈവശാസ്ത്രത്തിന്റെ വിഷയം സേവകനോ, അടിമയോ ആയി പീഡിതനായി ചരിത്രത്തിന്റെ ഓരോ ഘട്ടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യൻ തന്നെയാണ്. ഈ പീഡിതരിൽ ജനനത്താലോ, രോഗത്താലോ, ദാരിദ്ര്യത്താലോ, അജ്ഞതയാലോ, അംഗവൈകല്യത്താലോ, ധർമ്മച്യുതിയാലോ അശുദ്ധരും, അധകൃതരും ആക്കപ്പെട്ടിരിക്കുന്നവരെല്ലാം ഉൾപ്പെടുന്നു. ഇവർക്കു വിമോചനത്തിന്റെ പ്രത്യാശ നൽകുന്ന ദൈവികപ്രവൃത്തിയുടെ കഥയാണ് ദളിത് ദൈവശാസ്ത്രം.

ഈ ദൈവശാസ്ത്രം അടിച്ചമർത്തപ്പെട്ടവന്റെ, അടിത്തട്ടുകാരന്റെ നിലവിളിയിൽനിന്നു തുടങ്ങണം. രൂക്ഷമായ ഒരു ജാതിവ്യവസ്ഥ നിലനിന്നിരുന്ന യഹൂദ സമുദായത്തിലാണല്ലോ യേശു ജീവിച്ചത്. അതുകൊണ്ട് ഇന്ത്യയിലെ പീഡിതജനതയ്ക്ക് തങ്ങളുടെ ജീവിതവുമായി താദാത്മ്യപ്പെടുന്ന ഒരു പുതിയ യേശുവിനെ കണ്ടെത്തുവാൻ ദളിത് ദൈവശാസ്ത്രം അവരെ സഹായിക്കണം. മർദ്ദിക്കപ്പെട്ടവരും മർദ്ദിച്ചവരും ചരിത്രത്തിന്റെ ഏടുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു യാഥാർത്ഥ്യമല്ല. അത് ഇന്നു നാം ജീവിക്കുന്ന സമൂഹത്തിന്റെ ഘടനയിൽ ഉൾച്ചേർന്നിരിക്കുന്നു. എല്ലാവർക്കും വിമോചനം നൽകുന്ന ഒരു സാമൂഹ്യമാറ്റത്തിന് മനുഷ്യസമത്വത്തെക്കുറിച്ചുള്ള തത്വശാസ്ത്രത്തെക്കാൾ മനുഷ്യരെ ദൈവമക്കളാക്കുന്ന യേശുദൗത്യത്തിലുള്ള വിശ്വാസമാണു വേണ്ടത്.

അടിത്തട്ടിൽ, താഴ്ന്ന് രണ്ടാം സ്ഥാനക്കാരായി നിൽക്കുക എന്ന സാമൂഹ്യ സ്ഥിതിയിലൂടെ ആവിഷ്കൃതമാകുന്ന ദൈവകൃപയുടെ കണ്ടെത്തലാണ് ദളിത് ദൈവശാസ്ത്രം. ഒന്നാമതായി നാം ഇങ്ങനെയുള്ള ഒരു ദൈവശാസ്ത്രസമീപനത്തിന്റെ ആവശ്യത്തെ അംഗീകരിക്കണം. ഇതിനു രൂപം കൊടുക്കേണ്ടത് ദളിത് സമൂഹത്തിനു പുറത്തു നിന്നെത്തിയ പണ്ഡിതന്മാരായിരിക്കരുത്. യേശുവിനെപ്പോലെ ദാസനായവനോ, പുറംതള്ളപ്പെട്ട സമൂഹത്തിൽ ജനിച്ചവനോ ആണ് ആധികാരികമായി പ്രത്യാശയുടെയും വിമോചനത്തിന്റെയുമായ ഈ ദൈവശാസ്ത്രം വികസിപ്പിക്കുവാൻ കഴിയുക. ദാരിദ്ര്യത്തിൽ മുങ്ങി നിൽക്കുന്ന ഒരുവന് ആദ്യം ഉണ്ടാകേണ്ടത് അപ്പവും വസ്ത്രവും പാർപ്പിടവുമാണ്. ഈ ലൗകികമായ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഒറ്റയായും കൂട്ടമായുമുള്ള പരിശ്രമത്തിന് ദൈവശാസ്ത്രപരമായ ഒരു മാനമുണ്ട്. അരിയ്ക്കുവേണ്ടി, ഭൗതിക ഉന്നമനത്തിനുവേണ്ടി, ക്രൈസ്തവവിശ്വാസം സ്വീകരിച്ചു എന്ന് ദളിത് ക്രൈസ്തവരെ അപലവിക്കുന്നവരുണ്ട്. ദളിത് ദൈവശാസ്ത്രത്തിന് അപകവമായ ഈ വിമർശനത്തിന് ശരിയായ ഉത്തരം കണ്ടെത്താൻ കഴിയും.

മനുഷ്യന്റെ ഭൗതീകാവശ്യങ്ങളുടെ പ്രതീകമാണ് അരി.[4] ഭൗതീകമായ ജീവിതത്തിന്റെ പൂർണ്ണതയിലൂടെയാണ് യേശുകൃപയിലുള്ള ജീവിതത്തിന്റെ പൂർണ്ണത

സാമൂഹ്യസമത്വത്തിനുവേണ്ടിയുള്ള പോരാട്ടത്തിനും, സ്വന്ത മാന്യതയ്ക്കനുസരിച്ച മികച്ച ജീവിതത്തിനുവേണ്ടി നടത്തുന്ന പരിശ്രമങ്ങൾക്കുമായിരിക്കും ദളിത് ദൈവശാസ്ത്രത്തിൽ കേന്ദ്രസ്ഥാനം.

ദൈവശാസ്ത്രത്തിലെ ഈ ദിശമാറ്റം എഴുതപ്പെട്ട ദൈവവചനത്തിന്റെ വ്യാഖ്യാനങ്ങൾ ഫലപ്രദമല്ലാഞ്ഞിട്ടല്ല, അവയുടെ ആന്തരീകാർത്ഥത്തിലേക്കു കടക്കാൻ ദളിതന്റെ അടിച്ചമർത്തപ്പെട്ട ദീനരോദനം കൂടുതൽ ശക്തമാണെന്ന് നമ്മുടെ സാമൂഹ്യാസ്തിത്വത്തിന്റെ വികലതകൾ നമ്മെ ബോധ്യപ്പെടുത്തുന്നതുകൊണ്ടാണ്. മേലാളന്മാരുടെ മനോഭാവം വിട്ട് പീഡിതവർഗ്ഗത്തിന്റെ അനുഭവങ്ങളിലൂടെ ദൈവാനുഭവത്തിലേക്ക് വളരുക എന്ന ഈ പ്രക്രിയയുടെ മൂലരൂപമായി യേശുവിനെത്തന്നെ നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

## നിരീക്ഷണം

യേശുവിന്റെ മനുഷ്യദർശനത്തിന് ഇന്ന് ഇന്ത്യയിൽ ഏറെ പ്രസക്തിയുണ്ട്. ഭാരതീയന്റെ മനസ്സിനെ വിഷലിപ്തമാക്കുന്ന ജാതിവ്യവസ്ഥയോടുള്ള വെല്ലുവിളിയാണ് യേശുവിന്റെ മനുഷ്യദർശനം. വെറുമൊരു തത്വദർശനമായല്ല യേശു ഇത് അവതരിപ്പിച്ചത്; പരിവർത്തനാത്മകമായ ജീവിതശൈലിയായിട്ടാണ്. ഇന്ത്യൻ ജനതയിൽ ഭൂരിപക്ഷം ദളിതുകളാണെന്നുള്ളതുപോലെ ഇന്ത്യയിലെ ക്രിസ്ത്യാനികളിൽ 80 ശതമാനം ദളിത് പശ്ചാത്തലമുള്ളവരാണെന്ന കാര്യവും ഓർക്കേണ്ടതുണ്ട്. അവരുടെ വിമോചനത്തിന് യേശുവിലൂടെ പ്രകടമാകുന്ന ദൈവബോധത്തെ പ്രയോജനപ്പെടുത്താമെന്നാണ് ദളിത് ദൈവശാസ്ത്രം പ്രതീക്ഷിക്കുന്നത്. ഇന്ത്യയിലെ ദളിതുകളുൾപ്പടെയുള്ള ലോകത്തിലെ എല്ലാ പീഡിതവർഗ്ഗങ്ങളുടെയും മൂലരൂപമാണ് യേശു. "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് അങ്ങ് എന്നെ കൈ വെടിഞ്ഞു?" (മാർക്കോ 15:34) എന്ന യേശുവിന്റെ നിലവിളി മേലാളന്മാരിൽനിന്നും പീഡനങ്ങൾ ഏറ്റുവാങ്ങുന്ന ഇന്ത്യൻ ദളിതുകളുടെ ഹൃദയത്തിൽ നിന്നുയരുന്ന നിലവിളിയാണ്. ആ നിലവിളിക്കുത്തരം തേടുന്ന മേൽ സൂചിപ്പിച്ചതുപോലുള്ള ക്രിയാത്മകപ്രവർത്തനങ്ങളെയാണ് ദളിത് ദൈവശാസ്ത്രം അഥവാ ദളിത് ക്രിസ്തീയത എന്നതുകൊണ്ടർത്ഥമാക്കുന്നത്.

## അടിക്കുറിപ്പുകൾ


1. പോൾ ചിറക്കരോട്, "*ദളിത് വർഗ്ഗങ്ങളും കലയും*", *ദളിതർ വിമോചനപാതയിൽ,* പേജ് 97.
2. മനുസ്മൃതി, ജാതിക്രമം, 10;80
3. എസ് പൈനാടത്ത്, എസ്. ജെ., *യേശു വ്യക്തിയും ശക്തിയും* പേജ് 11 - 15.
4. Jeevadhara, 26, No. 151, Felix Wilfred, P. 59

# അദ്ധ്യായം 3
# 19-ാം നൂറ്റാണ്ടിലെ കേരളസമുദായം

## പ്രാരംഭം

ഇന്ത്യയിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് അയിത്താചരണം ഏറ്റവും കർശനമായി പാലിച്ചിരുന്ന പ്രദേശമായിരുന്നു കേരളം. ആര്യന്മാരുടെ പ്രവേശനത്തിനു മുൻപ് ഇവിടെ ജാതി അടിസ്ഥാനത്തിലുള്ള വിഭജനം ഉണ്ടായിരുന്നില്ല. ഇളംകുളം കുഞ്ഞൻപിള്ള ഇപ്രകാരം പറയുന്നു, "ജാതിയില്ലായ്മയായിരുന്നു ദ്രാവിഡസംസ്കാരത്തിന്റെ ജീവൻ... തീണ്ടലും തൊടീലുമെന്ന ജാതിഭേദത്തിന്റെ ലാഞ്ചനപോലും ഇല്ലാത്ത രാജ്യമായിരുന്നു കേരളവും തമിഴ്നാടും."[1] അന്നിവിടെ ജനങ്ങളെ വിഭജിച്ചിരുന്നത് അവർ താമസിച്ചിരുന്ന പ്രദേശങ്ങളുടെ പേരിലും അവർ ചെയ്തിരുന്ന തൊഴിലിന്റെ പേരിലുമാണ്. അതിനെക്കുറിച്ച് ഇളംകുളം കുഞ്ഞൻപിള്ള വീണ്ടും വിവരിക്കുന്നു. "കുറിഞ്ഞിപ്രദേശത്ത് താമസിച്ചിരുന്നവർ കുറവർ, മുല്ലനിലത്ത് മാറി താമസിച്ചാൽ ഇടയനും, മരുതനിലത്ത് താമസിച്ച് കൃഷിതൊഴിൽ സ്വീകരിച്ചാൽ വേളാളനുമാകും. അതുപോലെ വേളാളൻ കുരിഞ്ഞിപ്രദേശത്തു മാറി താമസിച്ചാൽ കുറവനാകും. ഇതായിരുന്നു ചാതുർവർണ്ണ്യം ദൃഢപ്പെടുന്നതുവരെയുള്ള സ്ഥിതി."[2] ഭൂസ്വത്തിനെക്കുറിച്ച് ഇളംകുളം കുഞ്ഞൻപിള്ള പറയുന്നു, "ബ്രാഹ്മണൻ ജന്മിയാകുന്നതിനു മുമ്പ് ഭൂസ്വത്തിൽ വലിയൊരു ഭാഗം പുലയരുടെയും കുറവരുടെയും കൈവശമായിരുന്നു എന്ന വസ്തുത പ്രാചീന കർണ്ണാടക ചരിത്രത്തിൽ നിന്നു ഗ്രഹിക്കാം."[3]

ബ്രാഹ്മണനാണ് ജാതിസോപാനത്തിന്റെ ഏറ്റവും മേലേത്തട്ടിൽ. ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും ചേർന്ന വിഭാഗത്തെ സവർണ്ണർ എന്നു പറയുന്നു. കേരളത്തിലെ നായന്മാർ ശൂദ്രരാകയാൽ അവരും സവർണ്ണരാണ്. ഈഴവൻ, അരയൻ, പുലയൻ, പറയൻ, ഉള്ളാടൻ, നായാടി തുടങ്ങിയവയെല്ലാം അവർണ്ണവിഭാഗത്തിൽ ഉൾപ്പെടുന്നു.

## അയിത്താചരണത്തിന്റെ സ്വഭാവം

സവർണ്ണരും അവർണ്ണരും ഹിന്ദുക്കൾ തന്നെയാണെങ്കിലും*, അവർണ്ണരെ തൊട്ടു കൂടാത്തവരും, തീണ്ടിക്കൂടാത്തവരും, ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളവ

* ഇന്ന് ദളിതരിൽ ഒരുവിഭാഗം തങ്ങൾ ഹിന്ദുക്കളല്ല എന്ന വാദം ശക്തിപ്പെടുത്തുന്നുണ്ട്. ഇതിനനുകൂലമായ ചിന്തകൾ അംബേദ്കറാണ് *കോൺഗ്രസും*

രുമായി പരിഗണിച്ചിരുന്നു. അയിത്താചരണത്തിന്റെ സ്വഭാവത്തെക്കുറിച്ച് വില്യം ലോഗൻ ഇപ്രകാരം പറയുന്നു., "രണ്ടുതരം തൊട്ടുകൂടായ്മ മലയാളികളുടെ ഇടയിൽ പ്രചാരത്തിലുണ്ട് ഒരു നിശ്ചിത ദൂരത്തിനകത്തു വരുന്ന താണ ജാതിക്കാരുടെ സാന്നിദ്ധ്യം ഉയർന്ന ജാതിക്കാർക്ക് അന്തരീക്ഷപരമായി ഉണ്ടാകുന്ന അയിത്തമാമ് ഇതിലൊന്ന്. രണ്ടാമത്തേത്, ആദ്യം പറഞ്ഞ വിഭാഗത്തിൽ പെടുന്ന ജാതിക്കാരും അവർ മാറി നിൽക്കേണ്ട ദൂരവുമാണ്. ഇത് താഴെ കൊടുക്കുന്നു:

| | |
|---|---|
| നായാടികൾ (നായ്ക്കളെ തിന്നുന്നവർ) | : 72 അടി ദൂരം |
| പുലയൻ (അടിമ) | : 64 അടി ദൂരം |
| കണിശൻ (ജ്യോത്സ്യൻ) | : 36 അടി ദൂരം |
| മുക്കുവൻ (മത്സ്യം പിടിക്കുന്നവൻ) | : 26 അടി ദൂരം |

ജാതീയമായി ഒരേ തട്ടിൽപ്പെടുന്നവരായാലും സ്ത്രീകൾ ചില സന്ദർഭങ്ങളിലും ചില നിശ്ചിത ദൂരത്തിലും അയിത്തമുണ്ടാക്കും. ഏറ്റവും താണ ജാതിക്കാർക്കിടയിലും ഈ സമ്പ്രദായം പാലിക്കപ്പെട്ടു പോരുന്നു."[4]

ഇങ്ങനെ അടുക്കാൻ പാടില്ലാത്ത ജാതിയുമായുള്ള സമ്പർക്കത്തെ "തീണ്ടുക" എന്നാണ് പറയുക. തമ്മിൽ തൊട്ടാൽ അശുദ്ധപ്പെടുന്ന പ്രക്രിയ "തൊടീൽ" എന്ന് അറിയപ്പെടുന്നു. അശുദ്ധപ്പെടുന്ന ആൾ കുളിച്ചാലേ അശുദ്ധം മാറുകയുള്ളു. അതിനുശേഷമേ അയാൾ സ്വഗൃഹത്തിൽ പ്രവേശിക്കാവൂ. താഴെ ചേർക്കുന്ന വിവരണത്തിൽനിന്ന് തീണ്ടലിന്റെ സ്വഭാവം വ്യക്തമാവുന്നതാണ്: "ഒരു സവർണ്ണൻ കുളത്തിൽ കുളിക്കുകയോ മറ്റോ ചെയ്യുകയാണെങ്കിൽ ആ കുളത്തിന്റെ സമീപത്തുകൂടി അവർണ്ണനു പോയിക്കൂടാ. സർക്കാർ വക കടത്തുവള്ളങ്ങളിൽ ഒരു സവർണ്ണൻ കയറിപ്പോയാൽ ആ വള്ളത്തിൽ ഒരവർണ്ണനും പ്രവേശനമില്ല. വഴിയരികിലുള്ള പുരയിടങ്ങളിൽ പുലയനെയോ മറ്റോ വേലയ്ക്ക് നിർത്തിയാൽ അവിടെനിന്ന് തീണ്ടാപ്പാട് ദൂരം വരുന്ന സ്ഥലത്ത് കുറെ പച്ചിലയും മണ്ണും കൂട്ടി വെയ്ക്കണം. അതുകണ്ടാൽ ആ വഴിയേ വരുന്ന സവർണ്ണൻ പുലയൻ അടുത്തെവിടെയോ ഉണ്ടെന്നു വിചാരിച്ചുകൊള്ളും അപ്പോൾ സവർണ്ണൻ തീണ്ടാടും. അതുകേട്ട് പുലയൻ ഓടി മറയുമ്പോൾ സവർണ്ണന് നടന്നുപോകാം. നമ്പൂതിരി വഴിപോകുമ്പോൾ നായർ മുൻപേ നടന്ന് തീണ്ടാടണം. വളരെ ഉച്ചത്തിൽ "ഹോ" എന്നു വിളിക്കും. അതിന് ഒരീണം അവർ വശമാക്കിയിട്ടുണ്ട്, ആ ശബ്ദം കേട്ടാൽ നമ്പൂതിരി വരുന്നുണ്ടെന്നറിയാം. അപ്പോൾ ഈഴവർ ഓടി വളരെ ദൂരം പൊയ്ക്കൊള്ളണം. നമ്പൂതിരി വരുന്നുണ്ടെന്നുള്ള തീണ്ടാട്ടം കേട്ടാൽ പുലയനും പറയനും വളരെ ദൂരം ഓടി പൊയ്ക്കൊള്ളണം."[5]

## അയിത്താചാരത്തിന്റെ ഫലങ്ങൾ

ഈ അയിത്താചാരത്തിന്റെ ഫലമായി സാധാരണ പൗരന്മാർക്കുള്ള പല അവകാശങ്ങളും അവർണ്ണർക്ക് നിഷേധിക്കപ്പെട്ടിരുന്നു. 'കേരളചരിത്രം' എന്ന

മുടക്കപ്പെട്ടിരുന്നു. അത്തരം നിരത്തുകളുടെ സമീപം സ്ഥിതിചെയ്യുന്ന പൊതുസ്ഥാപനങ്ങളിലും അവർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. വിദ്യാലയങ്ങൾ അഞ്ചലാപ്പീസുകൾ തുടങ്ങി പല സ്ഥാപനങ്ങളും ഇങ്ങനെ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നവയാണ്. അഞ്ചലാപ്പീസിൽനിന്ന് കാർഡോ കവറോ വാങ്ങണമെന്നുണ്ടെങ്കിൽ 'തീണ്ടാപ്പാട്' അകലെ മാറിനിന്ന് ഒരു കടലാസിലോ ഇലയിലോ പണംവെച്ച് വീണ്ടും 'തീണ്ടാപ്പാട്' അകലേക്ക് മാറി നിൽക്കണം. പണംവെച്ച സ്ഥലത്ത് കാർഡോ കവറോ കൊണ്ടുവെച്ച് ഉദ്യോഗസ്ഥൻ മടങ്ങിപ്പോയാൽ അതു ചെന്നെടുക്കാം. വഴി നടക്കുന്നതിനിടയിൽ ഏതെങ്കിലും മേൽജാതിക്കാരനെ അയിത്തമാക്കിയാൽ അവർണ്ണന് നല്ല അടികിട്ടും."[6]

മാറ്റിയർ എന്ന പാതിരി അന്നത്തെ സ്ഥിതിഗതികളെപ്പറ്റി വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്. "അവർണ്ണർക്ക് പൊതുനിരത്തുകളുടെ ഉപയോഗം നിഷേധിക്കപ്പെട്ടിരുന്നു. ഒരു നായരെ അയിത്തമാക്കത്തക്കവണ്ണം നടന്നുപോകുന്ന അയിത്തക്കാരനെ നായർ ഉടൻ തന്നെ വെട്ടി തുണ്ടമാക്കും. അയിത്തജാതിക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി, അവർ അരയ്ക്കുമീതേ നഗ്നത മറച്ചുകൂടെന്ന് നിർബന്ധമായിരുന്നു. മേൽജാതിക്കാരോട് ബഹുമാനം കാണിക്കുവാൻ, കീഴ്ജാതിയിൽപ്പെട്ട സ്ത്രീ കാണിക്കേണ്ടിയിരുന്ന ഉപചാരം വക്ഷസ്സിൽനിന്ന് തുണിയെടുത്ത് മാറ്റുക എന്നതാണ്."[7]


## കുറ്റവും ശിക്ഷയും

കുറ്റം ചെയ്താൽ ജാതിയുടെ അടിസ്ഥാനത്തിലായിരുന്നു ശിക്ഷ നൽകിയിരുന്നത്. ഇതിനെക്കുറിച്ച് കെ. പി. പത്മനാഭമേനോൻ ഇപ്രകാരം പറയുന്നു, "കൊലപാതകം ചെയ്താൽ പോലും ബ്രാഹ്മണന് വധശിക്ഷയില്ല. തടവും പിഴയും ഭ്രഷ്ടും മാത്രമായിരുന്നു ബ്രാഹ്മണനു ശിക്ഷ. ശൂദ്രന്റെയും അഹിന്ദുക്കളുടെയും തല വെട്ടിയിരുന്നു. കുറ്റങ്ങൾ തെളിയിക്കാനുള്ള സമ്പ്രദായം ഇതിലേറെ വിചിത്രമായിരുന്നു. തിളച്ച നെയ്യിൽ കൈ മുക്കുക, വിഷമുള്ള പാമ്പിനെ കുടത്തിലടച്ച് കുടത്തിന്റെ വായ് തുറന്ന് അതിലേക്ക് കൈ ഇടുവിക്കുക തുടങ്ങിയ പരീക്ഷണങ്ങളാണ് നടത്തിയിരുന്നത്. കൈ പൊള്ളുകയോ പാമ്പ് കടിക്കുകയോ ചെയ്താൽ സംശയിക്കപ്പെട്ടവൻ കുറ്റവാളിയെന്ന് തെളിയിക്കപ്പെട്ടതായി കരുതുന്നു. ഭൂമി സംബന്ധമായ തർക്കങ്ങളാണെങ്കിൽ നാല് ബ്രാഹ്മണരും അത്രതന്നെ പണ്ഡിതരായ മറ്റുള്ളവരും ചേർന്ന് രൂപീകരിക്കപ്പെടുന്ന ജൂറിയാണ് അതിൽ തീർപ്പു കൽപ്പിക്കുക."[8]

ഈ സാമൂഹ്യസാഹചര്യങ്ങളെയും 'നീതി'കളെയും പരിപാലിച്ചുവന്ന ഭരണകൂടമാണ് നൂറ്റാണ്ടുകളായി കേരളത്തിൽ നിലനിന്നിരുന്നത്. മലബാർ ബ്രിട്ടീഷ് അധീനത്തിൽ പെട്ടതിനുശേഷവും, നാടുരാജാക്കന്മാർ ഭരിക്കുന്ന കൊച്ചിയിലും തിരുവിതാംകൂറിലും ഇത് നിർബാധം തുടർന്നുപോന്നു. പുലയരാദി അധഃകൃതവർഗ്ഗക്കാരെ അടിമകളാക്കി വയ്ക്കുന്നതും അവരോട് മൃഗങ്ങളേക്കാൾ നീചമായ നിലയിൽ പെരുമാറുകയും ചെയ്യുന്നതും അന്നത്തെ 'ധർമ്മ'മായിരുന്നു.

## ക്ഷേത്രസംസ്കാരം

അക്കാലത്ത് സാമൂഹ്യജീവിതത്തിന്റെ കേന്ദ്രബിന്ദു ക്ഷേത്രങ്ങളായിരുന്നു. അയിത്താചാരത്തിന്റെ കേന്ദ്രസ്ഥാനമായ




അ. ശ്രീകോവിൽ ഇ. പ്രദക്ഷിണവഴി

ആ. നലംപാളയം ഈ. പുറംമതിൽ (ആവൃതി)

ഈ നാലുസ്ഥലങ്ങളിൽ പ്രവേശിച്ച് ആരാധിക്കുന്നവർ വ്യത്യാസ്തരായിരുന്നു. ഡോ. സാമുവലിന്റെ വാക്കുകൾ ശ്രദ്ധിക്കാം: "ക്ഷേത്രപ്രവേശനത്തോടനുബന്ധിച്ച് ഹിന്ദു സമുദായത്തെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1. നലംപാളയത്തിൽ കടന്ന് (ആ) ശ്രീകോവിലിന്റെ (അ) പടിയിൽ നിന്ന് ആരാധിക്കുന്നവർ. 2. ആവൃതി (ഈ) ക്കുള്ളിൽ കടന്ന് പ്രദക്ഷിണവേദി(ഇ)യിലും ആവൃതിക്കകത്തും നിന്ന് ആരാധിക്കുന്നവർ. 3. ആവൃതിക്കു പുറത്ത് 62 - അടി അകലെ മാറിനിന്ന് ആരാധിക്കുന്നവർ. ഇവരാണ് അധഃകൃതവർഗ്ഗം."[9]

ക്ഷേത്രങ്ങളിൽ നടമാടിയിരുന്ന അനാചാരങ്ങളെപ്പറ്റി നായർ സമുദായനേതാവായ മന്നചത്തു പത്മനാഭൻ ഇങ്ങനെ പ്രസ്താവിക്കുന്നു. "അജ്ഞതകളും അനാചാരങ്ങളും അഭയം പ്രാപിച്ചിരുന്നത് സർവ്വവ്യാപിയായ ജഗദീശ്വരന്റെ അധിവാസസ്ഥാനമെന്ന് സങ്കൽപ്പിക്കപ്പെട്ടിരുന്ന ക്ഷേത്രത്തിനുള്ളിലായിരുന്നു. ക്ഷേത്രവിശ്വാസികളായ ഹിന്ദുക്കളെ ആദ്യം രണ്ടായി തിരിച്ചു. ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ കടക്കുന്നവർതന്നെ ദർശനത്തിന് നിൽക്കുന്നത് ജാതിക്രമമനുസരിച്ചായിരുന്നു. ആരാധനയുടെ വിധത്തിലും ജാതിക്രമമുണ്ടായിരുന്നു. അകത്തുകടന്ന ജാതികളിൽ അവസാനത്തെ ജാതി അപ്പോഴേക്കും 'ശൂദ്ര'നായിത്തീർന്ന നായന്മാരായിരുന്നു... പുറത്തു നിൽക്കുന്നവരിൽ പ്രമാണിത്യസംഖ്യാബലം കൊണ്ടും സാമൂഹ്യനിലകൊണ്ടും പ്രാധാന്യമർഹിക്കുന്നത് ഈഴവസമുദായത്തിനായിരുന്നു. അവർ പുറത്തു നിന്നാൽ മാത്രം പോരാ, പന്ത്രണ്ടടി അകലെ നിൽക്കുകയും വേണമെന്നായിരുന്നു അന്നത്തെ വ്യവസ്ഥ. ഏറ്റവും അകലെ നിൽക്കേണ്ടവർ ഹരിജനങ്ങളായിരുന്നു. അവർക്ക് അറുപത്തിനാലടിയായിരുന്നു അകലം. ഇതിനിടയിൽ ഓരോ ജാതിക്കും അവരുടെ ജാതിക്രമമനുസരിച്ച് രണ്ടും മൂന്നും അടിയുടെ വ്യത്യാസമുള്ളതിലെ

കുറയാൻ ഇടയായില്ല. ഹിന്ദുമതവിശ്വാസികളായ ഭക്തജനങ്ങൾക്കുപോലും സ്വാമി ദർശനത്തിന് ക്ഷേത്രത്തിൽ കടന്നുകൂടെന്നു മാത്രമല്ല ക്ഷേത്രസാമീപ്യമുള്ള വഴിയിൽക്കൂടി ഇതരമതസ്ഥർക്കൊപ്പം നടക്കാനും പാടില്ലായിരുന്നു. മഹാക്ഷേത്രങ്ങളുടെ നാലു വശങ്ങളിലും എത്രയോ അടി ദൂരെ 'തീണ്ടൽ ജാതിക്കാർ ഈ വഴിയേ സഞ്ചരിച്ചുകൂടാ' എന്നുള്ള 'തീണ്ടൽ' പലക ഗവൺമെന്റിൽനിന്നു സ്ഥാപിച്ചിരുന്നു. ഹിന്ദുവായ ഒരു പുലയനോ പറയനോ മതംമാറി ക്രിസ്ത്യാനിയോ, മുസ്ലീമോ ആയാൽ 'തീണ്ടൽ' പലകയ്ക്കുള്ളിൽ കടന്ന് ക്ഷേത്രസമീപത്തുകൂടി സഞ്ചരിക്കാം. ഗോപുരവാതുക്കൽ ചെന്ന് ഉള്ളിലേക്ക് കൈ നീട്ടിയെങ്കിലും ക്ഷേത്രപ്രവേശനം നടത്താം."[10]

ക്ഷേത്രത്തിനകത്തിരിക്കുന്ന ഹിന്ദുദൈവത്തിൽ വിശ്വസിക്കുകയും ആ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന അവർണ്ണനായ ഹിന്ദുവിന് ക്ഷേത്രസമീപത്തുകൂടി സഞ്ചരിക്കാൻ മുടക്കു കല്പികുകയും അതേസമയം ആ ദൈവത്തിൽ വിശ്വാസമില്ലാത്ത അഹിന്ദുക്കൾക്ക് സൈ്വരമായി അതിലേ സഞ്ചരിക്കുവാൻ അനുവദിക്കുകയും ചെയ്യുന്ന ആചാരവ്യവസ്ഥയുടെ അർത്ഥശൂന്യത അന്നത്തെ ഹിന്ദുസമുദായത്തിന് ബോദ്ധ്യമായിരുന്നില്ല.

## വിദ്യാഭ്യാസമണ്ഡലം

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളസമുദായത്തെ നവോത്ഥാനത്തിലേക്കു കൊണ്ടുവന്നിട്ടുള്ളത് പ്രധാനമായും പാശ്ചാത്യവിദ്യാഭ്യാസമാണ്. വില്യം ലോഗൻ ഇപ്രകാരം പറയുന്നു, "ഏറ്റവും ഉയർന്ന ജാതിക്കാരിലാണ് തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കർശനമായി പാലിക്കപ്പെടുന്നത്. ഈ വഴിക്കുള്ള ഹിന്ദുജാത്യാചാരസമ്പ്രദായത്തിൽ ബ്രിട്ടീഷ് സ്വാതന്ത്ര്യം വിള്ളലുകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രധാനമായും വിദ്യാഭ്യാസത്തിലൂടെ വിജ്ഞാനസമ്പാദനത്തിനുള്ള സംവിധാനങ്ങൾ ചെലുത്തുന്ന സ്വാധീനംവഴി പ്രാകൃതമായ ഈ സമ്പ്രദായം അന്തിമമായി എപ്പോൾ നിർമ്മാർജ്ജനം ചെയ്യപ്പെടുമെന്ന് ഇപ്പോൾ പറയുക പ്രയാസം."[11]

സർക്കാർവക പെൺപള്ളിക്കൂടങ്ങൾ ഈഴവർക്കും ക്രിസ്ത്യാനികൾക്കും തുറന്നുകൊടുത്തത് 1910-ൽ ആണ്. ആദ്യമായി 35 സ്കൂളുകളാണ് അങ്ങനെ തുറന്നുകൊടുത്തത്. മറ്റു വിദ്യാലയങ്ങളിലെ പ്രവേശനത്തിനു പിന്നെയും പ്രക്ഷോഭങ്ങൾ വേണ്ടിവന്നു. സവർണ്ണഹിന്ദുക്കളിൽനിന്ന് ശക്തിയായ എതിർപ്പിനെ നേരിട്ടുകൊണ്ടാണ് പുലയൻ വിദ്യാഭ്യാസരംഗത്തേയ്ക്ക് നീങ്ങിയത്. "1914-ൽ നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ട ഊരുട്ടുസലം പെൺപള്ളിക്കൂടത്തിൽ പുലയ പെൺകുട്ടികൾ ചേർന്ന് പഠിക്കുവാൻ തുടങ്ങിയിരുന്നതിനെത്തുടർന്ന് അവിടെ ഒരു 'നായർ-പുലയ ലഹള'പോലും നടക്കുകയുണ്ടായി."[12]

മിഷനറിമാരുടെ പ്രവർത്തനങ്ങൾ സമുദായത്തിന്റെ അടിത്തട്ടിലുള്ള ജനങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ളവയായിരുന്നു. ജാതിമതവർണ്ണഭേദമെന്യേ എല്ലാവരെയും വിദ്യ അഭ്യസിപ്പിക്കുവാനുള്ള അവരുടെ സംരംഭവും സമുദായത്തിന്റെ താഴെക്കിടയിലുള്ളവരോടു സൗഹൃദപൂർവ്വമായ പെരുമാറ്റവും നല്ലൊരു വിഭാഗം

പറയുന്നു, "മതപരിവർത്തനം ചെയ്ത അവർണ്ണർക്കു ഹിന്ദുസമുദായത്തിൽ ജീവിക്കുന്ന അവർണ്ണർ അനുഭവിക്കുന്ന അവശതകൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അയിത്താചാരം അവർക്കു ബാധകമായിരുന്നില്ല. സവർണ്ണരുടെ 'തീണ്ടാട്ടം' ഭയപ്പെടാതെ പൊതുനിരത്തുകളിൽകൂടി സ്വച്ഛന്ദം നടക്കാം. ക്ഷേത്രപരിസരങ്ങളിൽപോലും അവർക്ക് പ്രവേശിക്കാം. വിദ്യാലയം അഞ്ചലാപ്പീസ് തുടങ്ങിയ പൊതുസ്ഥാപനങ്ങളിലും അവർക്കു നിരോധനമില്ല. മതംമാറിയ അവർണ്ണർ അനുഭവിക്കുന്ന ഈ സ്വാതന്ത്ര്യം കൂടുതൽ അവർണ്ണരെ ക്രിസ്തുമതത്തിലേക്ക് ആകർഷിച്ചു."[13]

## വിദ്യാഭ്യാസത്തിന്റെ ഫലങ്ങൾ

മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനം ജനങ്ങൾക്ക് സ്വതന്ത്രചിന്തയുടെ ശുദ്ധവായു പ്രസരിപ്പിക്കുവാനുപകരിച്ചു. താഴേക്കിടയിലുള്ള ജനങ്ങൾ അവരുടെ അവകാശങ്ങളെപ്പറ്റി ബോധവാന്മാരായിത്തുടങ്ങി. മേലേക്കിടയിലുള്ള ചിലർ ഹൈന്ദവാചാരങ്ങളുടെ അനാശാസ്യതയെപ്പറ്റി ഉറക്കെ ചിന്തിക്കുവാനും ആരംഭിച്ചു. ഹിന്ദുമതത്തിന്റെ സാമൂഹ്യസംവിധാനത്തിൽ അന്തർഭവിച്ച ദോഷങ്ങളിലേക്ക് അവർ ജനങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. മതപരവും സാമൂഹ്യപരവുമായ അടിസ്ഥാനപരിഷ്കാരങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ പരിശ്രമിച്ചു. മതപരിവർത്തനത്തിൽക്കൂടി മനുഷ്യാവകാശങ്ങളുടെ സ്വാദനുഭവിച്ച അവർണ്ണജനവിഭാഗങ്ങളിലാണ് അവകാശബോധത്തിന്റെ ആദ്യചലനങ്ങൾ കണ്ടുതുടങ്ങിയത്. മേൽജാതിക്കാരെന്നു പറയപ്പെടുന്നവരെപ്പോലെ വസ്ത്രം ധരിക്കാനുള്ള അവകാശം തങ്ങൾക്കുണ്ടായിരിക്കണമെന്ന് അവർ നിശ്ചയിച്ചു. പ്രസിദ്ധമായ 'ചാന്നാർ ലഹള' ഈ അവകാശ സ്ഥാപനത്തിനുവേണ്ടിയുള്ളതായിരുന്നു.

## ചാന്നാർ ലഹള

സവർണ്ണഹിന്ദുസ്ത്രീകളെപോലെ വസ്ത്രധാരണം ചെയ്യാനുള്ള അവകാശം ചാന്നാർസ്ത്രീകൾക്കും ലഭിക്കാൻവേണ്ടി തെക്കൻ തിരുവിതാംകൂരിലെ ചാന്നാർ സമുദായക്കാർ നടത്തിയ സമരമായിരുന്നു അത്. ചാന്നാർ ലഹളയെക്കുറിച്ച് എ. ശ്രീധരമേനോൻ ഇപ്രകാരം പറയുന്നു, "ക്രിസ്തുമതത്തിൽ ചേർന്ന നാടാർ സ്ത്രീകൾക്ക് കുപ്പായം ധരിക്കാൻ അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് കേണൽ മൺറോ ദിവാനായിരിക്കുമ്പോൾ തിരുവിതാംകൂർ ഗവൺമെന്റ് പുറപ്പെടുവിക്കുകയുണ്ടായി. നാടാർ സ്ത്രീകൾ ഇതുകൊണ്ട് തൃപ്തിപ്പെടാതെ നമ്പൂതിരി സ്ത്രീകളെപ്പോലെ ഉത്തരീയവുമണിഞ്ഞ് പൊതുരംഗങ്ങളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഉയർന്ന ജാതിക്കാരായ ഹിന്ദുക്കൾക്ക് ഇത് ഇഷ്ടപ്പെട്ടില്ല. അവർ ചാന്നാർ സ്ത്രീകളെ ആക്രമിച്ചു. ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും തെക്കൻ തിരുവിതാംകൂറിൽ ഗുരുതരമായ നിയമസമാധാനഭഞ്ജനത്തിനിടയാക്കി. ഗവൺമെന്റിനു പട്ടാളത്തേയും പോലീസിനേയും അയയ്ക്കേണ്ടിവന്നു. ലഹളയുടെ ഫലമായി ചാന്നാർ സ്ത്രീകൾക്ക് മാറു മറയ്ക്കുന്നതിനുണ്ടായ നിയന്ത്രണം നീക്കിക്കൊണ്ട് 1859 ജൂലൈ 26-ാം തീയതി ഗവൺമെന്റ് ഒരു രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. മാറു മറയ്ക്കുന്ന കാര്യത്തിൽ ചാന്നാർ സ്ത്രീകൾക്ക് സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും അവർ വേഷവിധാനത്തിൽ ഉയർന്ന ജാതിക്കാരായ ഹിന്ദുസ്ത്രീകളെ അനുകരിക്കരുതെന്ന് വിളംബര

## മലയാളി മെമ്മോറിയൽ

വിദ്യാഭ്യാസം സാർവ്വത്രികമായി പ്രചരിച്ചതോടുകൂടി വിദ്യാസമ്പന്നരായ ഇടത്തരക്കാരുടെ വർഗ്ഗം സാമൂഹ്യരംഗത്തു പ്രാമാണ്യം നേടിത്തുടങ്ങി. തിരുവിതാംകൂറിലാണ് ഇത്തരം പ്രതിഭാസം പ്രത്യേകിച്ചും ശ്രദ്ധേയമായത്. ഔദ്യോഗിക രംഗത്തും രാഷ്ട്രീയരംഗത്തും ബ്രാഹ്മണർ കൈയടക്കിവെച്ചിരുന്ന സ്ഥാനമാനങ്ങളുടെ കുത്തക പൊളിക്കുന്നതിന് അവർ മുന്നോട്ടുവന്നു. മാർത്താണ്ഡവർമ്മയുടെ കാലത്തിനുശേഷം പൊതുവേ തിരുവിതാംകൂർ രാജാക്കന്മാർ സംസ്ഥാനത്തു ദിവാന്മാരായി നിയമിച്ചിരുന്നത് തമിഴ് ബ്രാഹ്മണരെയായിരുന്നു. ഇതു നാട്ടുകാർക്ക് ഹിതകരമല്ലായിരുന്നു. സർക്കാരുദ്യോഗങ്ങളിൽ വിദ്യാഭ്യാസമുള്ളവരെ നിയമിക്കണമെന്ന് ശക്തമായ അവകാശവാദം മുഴങ്ങുകയായി. നായന്മാരാണ് ഈ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത്. 1891 ജാനുവരി 1-ാം തീയതി 10,000 പേർ ഒപ്പിട്ട ഒരു ഭീമൻ ഹർജി മഹാരാജാവിന് അവർ സമർപ്പിച്ചു. 'മലയാളി മെമ്മോറിയൽ' എന്ന പേരിൽ അത് അറിയപ്പെടുന്നു. സർക്കാരിലെ ഉയർന്ന ഉദ്യോഗങ്ങളിൽനിന്നു നാട്ടുകാരെ അറ്റി നിർത്തുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്നും കഴിവുള്ളിടത്തോളം ഉദ്യോഗങ്ങൾ അവർക്കു നൽകുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണമെന്നും ആ നിവേദനത്തിൽ അഭ്യർത്ഥിച്ചിരുന്നു.

## ഈഴവമെമ്മോറിയൽ

1986 സെപ്തംബറിൽ 'ഈഴവമെമ്മോറിയൽ' എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഹർജി മഹാരാജാവിനു സമർപ്പിക്കപ്പെട്ടു. 13176, ഈഴവർ ഒപ്പിട്ട ഹർജിയായിരുന്നു അത്. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തതുകൊണ്ടു മാത്രം സർവ്വാവകാശങ്ങൾക്കും അർഹരായിത്തീർന്നിട്ടുള്ള സ്വജാതീയരെപ്പോലെ തങ്ങൾക്കും പരിഗണന ലഭിക്കണമെന്നാണ് ആ ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്. സർക്കാർ സർവ്വീസുകളിലെ പ്രാതിനിധ്യം വേണമെന്നായിരുന്നു അവരുടെയും മുഖ്യമായ അവകാശവാദം. അവർണ്ണവർഗ്ഗക്കാർ സാമൂഹ്യസമത്വത്തിനു വേണ്ടി തുടങ്ങാനിരുന്ന വമ്പിച്ച പ്രക്ഷോഭത്തിന്റെ മുന്നോടിയായിരുന്നു 'ഈഴവമെമ്മോറിയൽ'.

## നിരീക്ഷണം

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളസമുദായത്തിലെ പ്രത്യേക പരിതസ്ഥിതി നാം മനസ്സിലാക്കി. അതിനെക്കുറിച്ച് അനന്തകൃഷ്ണൻ ഇപ്രകാരം പറയുന്നു: "സമൂഹത്തിൽ ജാതിവ്യവസ്ഥ വേരുറച്ചതോടെ വിദ്യ, മേൽജാതിയുടെ കുത്തകയായി. താഴ്ന്ന ജാതിക്കാർക്ക് അത് നിഷേധിക്കപ്പെടുകയും ചെയ്തു. മിഷനറിമാർ തണെയാണ് ഈ ദുഃസ്ഥിതിക്ക് മാറ്റമുണ്ടാക്കിയത്. തങ്ങളുടെ വിദ്യാലയങ്ങളിൽ അവർ ജാതിവ്യവസ്ഥ അംഗീകരിച്ചില്ല. എല്ലാ ജാതിയിലുംപെട്ട വിദ്യാർത്ഥികൾക്കും പ്രവേശനം നൽകി. ആദ്യമൊക്കെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർ മാത്രമേ വിദ്യാഭ്യാസത്തിന് എത്തിയുള്ളു. തുടക്കത്തിൽ അവരിൽ മാത്രമേ മിഷനറിമാർക്ക് നേരിട്ട് പ്രേരണ ചെലുത്തുവാൻ കഴിഞ്ഞിരുന്നുള്ളു."[15]

മറ്റു മതക്കാരെയപേക്ഷിച്ചു വളരെ ഭേദമാണ്. ഓരോ പള്ളിയോടും ഓരോ പ്രാഥമിക വിദ്യാലയം അനുബന്ധിച്ചുള്ളതുകൊണ്ട്, സമുദായത്തിലെ കുട്ടികൾക്ക് എളുപ്പം അവിടെയെത്തി പഠിക്കുവാൻ അവസരം ലഭിക്കുന്നു. അവരെ അവിടെ എഴുത്തും വായനയും ഏതാനും ബൈബിൾ പാഠങ്ങളും പഠിപ്പിക്കുന്നു. തദ്ദേശീയ വൈദികർ ഇക്കാര്യത്തിൽ ചെലുത്തുന്ന പ്രേരണയിൽ മിഷനറിമാരുടെ പരിശ്രമങ്ങൾ എടുത്തു പറയാൻ അർഹമാണ്. താഴ്ന്ന ക്ലാസ്സുകളിലെ വിദ്യാഭ്യാസത്തിന് അവരർപ്പിക്കുന്ന സേവനം വിശേഷിച്ചും ശ്രദ്ധേയമാണ്."[16]

ഈ പശ്ചാത്തലത്തിൽ കേരളക്രൈസ്തവസമൂഹത്തിന്റെ സാമൂഹ്യനവോത്ഥാരകനായ വാ. ചാവറ കുര്യാക്കോസ് അച്ചന്റെ വിദ്യാഭ്യാസസാമൂഹിക പ്രവർത്തനങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. ഭാരതത്തിലെ വളരെ പ്രസിദ്ധരായ സമുദായപരിഷ്ക്കർത്താക്കൾക്ക് മുമ്പ് സേവനമാരംഭിച്ച വാ. ചാവറയച്ചന്റെ പ്രവർത്തനസീമ സമുദായപരിമിതികൾക്കപ്പുറമായിരുന്നു. അതിനെക്കുറിച്ച് അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

## അടിക്കുറിപ്പുകൾ

1. ഇളംകുളം കുഞ്ഞൻപിള്ള, *കേരളചരിത്രം അഞ്ചും ആറും നൂറ്റാണ്ടുകളിൽ,* പേജ് 165.
2. Ibid, പേജ് 165.
3. ഇളംകുളം കുഞ്ഞൻപിള്ള, *ചില കേരളചരിത്രപ്രശ്നങ്ങൾ,* പേജ് 295
4. വില്യം ലോഗൻ, *മലബാർ മാനുവൽ,* പേജ് 118
5. കേരള ഹിസ്റ്ററി അസോസിയേഷൻ, *കേരളചരിത്രം വാല്യം 1,* പേജ് 1194
6. Ibid, പേജ് 1195
7. S. Mateer, *Native Life in Travancore,* page 251
8. കെ. പി. പത്മനാഭമേനോൻ, *കേരളചരിത്രം,* വാല്യം 2, പേജ് 291.
9. തോമസ് സാമുവൽ, *ഒരുജാതി ഒരുമതം ഒരു ദൈവം,* പേജ്33.
10. മന്നത്തു പത്മനാഭൻ, *നാരായണഗുരു,* പേജ് 336, 337.
11. വില്യം ലോഗൻ, *മലബാർ മാനുവൽ,* പേജ് 118
12. കെ. ദാമോദരൻ, *ശ്രീനാരായണഗുരുസ്വാമി* പേജ് 82.
13. കേരള ഹിസ്റ്ററി അസോസിയേഷൻ, *കേരളചരിത്രം വാല്യം 1* പേജ് 1202.
14. എ. ശ്രീധരമേനോൻ, *കേരളചരിത്രം,* പേജ് 317.
15. അനന്ത കൃഷ്ണഅയ്യർ, *അന്ത്രപ്പോളജി,* പേജ് 211.
16. ശങ്കരമേനോൻ, *കൊച്ചിൻ സെൻസസ് റിപ്പോർട്ട്,* 1901.

# അദ്ധ്യായം 4
# കേരളത്തിലെ നവോത്ഥാനനായകർ

## നവോത്ഥാനവേലിയേറ്റം

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ സുശക്തമായ ഒരു സാംസ്കാരിക, ബൗദ്ധിക, ഭൗതിക, ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെ വേലിയേറ്റം അലയടിച്ചുയർന്നതിനിടയാക്കിയ സാഹചര്യം കഴിഞ്ഞ അദ്ധ്യായത്തിൽനിന്നും നാം മനസ്സിലാക്കി. പാശ്ചാത്യവിദ്യാഭ്യാസവും ക്രൈസ്തവമിഷനറിമാരുടെ മനുഷ്യത്വപരമായ പ്രവർത്തനങ്ങളും സവർണ്ണ മേധാവിത്വത്തെ തകർത്തെറിയുന്നതിന് അവർണ്ണരെ സ്വാധീനിച്ചു. ഭാരതത്തിന്റെ ഇതര ഭാഗങ്ങളിൽ മുളയെടുത്ത നവോത്ഥാനപ്രക്രിയയുടെ ഫലമായി ഭാരതീയരുടെ അഭിമാനബോധമുണർന്നു. അവർ ബോധമനസ്സുകളിൽ പരിവർത്തനത്തിനു സമയമായി എന്നൊരു ശംഖൊലി ശ്രവിച്ച കാലഘട്ടമാണത്. ഈ അവബോധത്തിന്റെ ഫലമായി ഒട്ടേറെ സാമൂഹികസാംസ്കാരിക പരിവർത്തനസംരംഭങ്ങൾ മുളയെടുക്കുകയും പ്രസ്ഥാനങ്ങൾ ആവിർഭവിക്കുകയും ചെയ്തു. ഭഗവത്ഗീതയിലെ ഒരു ശ്ലോകം ഇവിടെ പ്രസക്തമാണ്.

"പരിത്രാണായ സാധുനാം
വിനാശായ ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ, യുഗേ"[1]

കാലാനുസൃതനമായ പരിവർത്തനങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ഒരു നൂറ്റാണ്ടുമുന്നിൽക്കണ്ട് കർമ്മ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്ന ക്രാന്തദർശികളും ദേവാംശസ്വരൂപികളുമായ മനീഷികൾ എക്കാലവും ജന്മമെടുക്കാറുണ്ട്. പുതിയ വിചാരവും പുത്തൻ അനുഭൂതികളും അഭിലാഷങ്ങളും നിറഞ്ഞ മനുഷ്യരുടെ പുതിയ ലോകം നിർമ്മിക്കുവാൻ അക്ഷീണം യത്നിച്ച നവോത്ഥാനനായകർ ഇപ്രകാരം ജന്മമെടുത്ത ധർമ്മസംസ്ഥാപകരാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ കേരളീയരെ പ്രകാശിപ്പിക്കുകയും പ്രചോദിപ്പിക്കുകയും പുരോഗതിയിലേക്ക് നയിക്കുകയും ചെയ്ത നവോത്ഥാന നായകരെ കാലക്രമത്തിൽ അവതരിപ്പിക്കട്ടെ. കൊച്ചുകേരളത്തിൽ 19-ാം

## വാ. ചാവറ കുരിയാക്കോസ് ഏലിയാസ് (1805-1871)

കത്തോലിക്കാസഭ 'വാഴ്ത്തപ്പെട്ട' എന്ന ഉന്നത പദവിയിലേക്കുയർത്തിയ കേരളസന്ന്യാസി, 1805 ജനുവരി 10-ാം തീയതി ആലപ്പുഴയിലെ കൈനകരി ഗ്രാമത്തിൽ ജനിച്ചു. 1829-ൽ വൈദികനായ ഇദ്ദേഹം, ഇന്ത്യയിലെ ആദ്യത്തെ പ്രാദേശികസന്ന്യാസ സഭയായ കർമ്മലീത്താ മൂന്നാം സഭ (സി.എം.ഐ.) 1855-ൽ സ്ഥാപിച്ചു. കൂനമ്മാവ് ആശ്രമത്തിൽവച്ച് 1871-ൽ വാ. ചാവറയച്ചൻ ദിവംഗതനായി.

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളസഭയുടെ ഗുരുതരമായ പ്രതിസന്ധികൾ പരിഹരിച്ച് സർഗ്ഗാത്മകപാതയിലൂടെ അതിനെ നയിച്ച കർമ്മയോഗിയാണ് വാ. ചാവറയച്ചൻ. സമൂഹത്തിന്റെ സമ്പൂർണ്ണ പുരോഗതിയും സമൂലപരിവർത്തനവുമായിരുന്നു ആ വിമോചകന്റെ ലക്ഷ്യം. സമൂഹത്തിലെ അധഃസ്ഥിതർക്കും ആലംബഹീനർക്കും അത്താണിയായി നിന്നുകൊണ്ട് സാമൂഹികപരിഷ്കരണസംരംഭങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. കൈനകരിയിൽ ആരംഭിച്ച അഗതിമന്ദിരം, അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന് ഉദാഹരണമാണ്. ദേവാലയങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും പുസ്തകവിപ്ലവത്തിന് തുടക്കം കുറിച്ച മുദ്രാലയവും അദ്ദേഹം സ്ഥാപിച്ചു. ആദ്ധ്യാത്മികം, സാംസ്കാരികം, സാമൂഹികം എന്ന ത്രിമാനങ്ങളുള്ള ഒരു വിമോചനപ്രക്രിയയിലൂടെ കേരളസഭയെ ഭൂതകാലത്തിന്റെ ഇരുട്ടറകളിൽനിന്നു തേർതെളിച്ച് വർത്തമാനകാലത്തിന്റെ വാഗ്ദാനനാട്ടിലേക്കാനയിച്ച മഹത്തായൊരു വിമോചകനായിരുന്നു ചാവറയച്ചൻ. അദ്ദേഹത്തിന്റെ ദളിത്ദർശനം അഞ്ചാം അദ്ധ്യായത്തിൽ പഠനവിഷയമാക്കുന്നുണ്ട്.

## ശ്രീനാരായണ ഗുരു (1856-1928)

കേരളത്തിൽ നവോത്ഥാനത്തിൽ മുഖ്യ പങ്കുവഹിച്ച മഹാനായ യോഗിയും സാമൂഹികപരിഷ്കർത്താവും കവിയും ശ്രീനാരായണധർമ്മപരിപാലനയോഗത്തിന്റെ സ്ഥാപകനുമായ ശ്രീനാരായണഗുരു 1856 ആഗസ്റ്റ് 20-ന് തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തിയിൽ ജനിച്ചു. 1884-ൽ നെയ്യാർ തീരത്തുള്ള അരുവിപ്പുറം ഗുഹയിൽ ഏകാന്തവാസമാരംഭിച്ചു. 1888-ലായിരുന്നു പ്രസിദ്ധമായ അരുവിപ്പുറം ശിവപ്രതിഷ്ഠ. അത് ജാതിവ്യവസ്ഥയ്ക്കെതിരെയുള്ള ആദ്യത്തെ ബോംബു സ്ഫോടനമായിരുന്നു. പ്രതിഷ്ഠാകർമ്മത്തിനുശേഷം ശ്രീനാരായണഗുരു വിളംബരം ചെയ്ത രണ്ടു മുദ്രാവാക്യങ്ങൾ ഇവയാണ്.

ഒന്ന്. വിദ്യകൊണ്ട് സ്വതന്ത്രരാകുവിൻ

രണ്ട്. സംഘടനകൊണ്ട് ശക്തരാകുവിൻ

1903 ജനുവരി 7-നാണ് എസ്സ്.എൻ.ഡി.പി. യോഗത്തിന്റെ സ്ഥാപനം. ശ്രീനാരായണഗുരു, സ്വന്തം സമുദായത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും നിന്ന് അനുയായികളെ മോചിപ്പിച്ചു. പ്രാകൃത ദൈവങ്ങളെ ആരാധിക്കുന്നതിനെതിരെ പോരാടി. കെട്ടുകല്യാണം പുലകുടിയടിന്തിരം

'ഒരുജാതി ഒരുമതം ഒരുദൈവം മനുഷ്യന്.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി.'

തുടങ്ങിയ സന്ദേശങ്ങൾ കുമാരനാശാനിൽ വലിയ സ്വാധീനമുളവാക്കി. മഹാകവി രവീന്ദ്രനാഥടാഗൂർ 1922-ൽ ശിവഗിരിയിൽ ഗുരുവിനെ സന്ദർശിച്ചു. 1928-ൽ രോഗബാധിതനായ ശ്രീനാരായണഗുരു സെപ്തംബർ 20-ന് മരിച്ചു.

## വിവേകാനന്ദൻ (1863-1902)

ഇന്ത്യയുടെ പ്രാചീനസംസ്കാരത്തിനും ദേശീയസ്വാതന്ത്ര്യത്തിനും പുറംരാജ്യങ്ങളിൽ അംഗീകാരം നേടിക്കൊടുത്ത ആദ്യത്തെ ഇന്ത്യാക്കാരനാണ് വിവേകാനന്ദൻ. ഭാരതീയ നവോത്ഥാനത്തിന് രാമകൃഷ്ണമിഷൻ സ്ഥാപിച്ച അദ്ദേഹത്തിന്റെ യഥാർത്ഥ നാമം 'നരേന്ദ്രദത്ത' എന്നായിരുന്നു. 1863-ൽ ബംഗാളിൽ ജനിച്ച അദ്ദേഹം 1902-ൽ മരിച്ചു. 1882-ലാണ് രാമകൃഷ്ണപരമഹംസരെ കണ്ടുമുട്ടി അദ്ദേഹത്തിന്റെ പ്രധാനശിഷ്യനായത്. രാമകൃഷ്ണന്റെ മരണശേഷം വിവേകാനന്ദൻ ഭിക്ഷാംദേഹിയായി അഞ്ചുകൊല്ലം ഇന്ത്യ മുഴുവൻ ചുറ്റിസഞ്ചരിച്ചു. അന്ധവിശ്വാസങ്ങളെയും ജാതിമേധാവിത്വത്തെയും അയിത്തം തുടങ്ങിയ അനാചാരങ്ങളെയും അദ്ദേഹം എതിർത്തു. 1897-ലാണ് സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച് തന്റെ സുപ്രസിദ്ധമായ പ്രസംഗം മദ്രാസിൽ ചെയ്തത്: "മലബാറിൽ ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ ഒരു വിഡ്ഢിത്തം ഇതിനുമുമ്പ് ലോകത്തിൽ എവിടെയെങ്കിലുമുണ്ടായിട്ടുണ്ടോ? സവർണ്ണർ നടക്കുന്ന തെരുവിൽക്കൂടി പാവപ്പെട്ട പറയന് നടന്നുകൂടാ. പക്ഷേ മിശ്രമായ ഒരു ഇംഗ്ലീഷ് നാമം അല്ലെങ്കിൽ മുഹമ്മദീയനാമം സ്വീകരിച്ചാൽ മതി എല്ലാം ഭദ്രമായി. ഈ മലബാർകാരെല്ലാം ഭ്രാന്തന്മാരാണ്. ഇവരുടെ വീടുകളത്രയും ഭ്രാന്താലയങ്ങളും."[2] വിവേകാനന്ദസ്വാമി ഡോ. പല്പുവിനു കൊടുത്ത പ്രചോദനത്തിന്റെ പരിണിതഫലമാണ് ശ്രീനാരായണ ധർമ്മ പരിപാലന സംഘം.

## അയ്യൻകാളി (1863-1941)

കേരളത്തിലെ പുലയരുടെ സമുദ്ധാരണത്തിനുവേണ്ടി ജീവാർപ്പണം ചെയ്ത മഹാത്മാവാണ് ശ്രീ. അയ്യൻകാളി. തിരുവനന്തപുരത്തിനടുത്ത് വെങ്ങാനൂരിൽ 1863-ൽ അദ്ദേഹം ജനിച്ചു. 1941-ൽ അയ്യൻകാളി നിര്യാതനായി. പുലയസമുദായാംഗമായിരുന്ന അയ്യൻകാളി സംഘടനയും ശക്തിപ്രകടനവും വഴി സഞ്ചാരസ്വാതന്ത്ര്യം പിടിച്ചെടുത്തു. 1905-ൽ സാധുജനപരിപാലനയോഗം രൂപീകരിച്ചതോടെ അദ്ദേഹം ഹരിജനങ്ങളുടെ അനിഷേധ്യ നേതാവായി. തിരുവിതാംകൂറിൽ കർഷക തൊഴിലാളികളുടെ ആദ്യത്തെ പണിമുടക്കുസമരം നയിച്ചത് ഇദ്ദേഹമാണ്. 1910-ൽ ശ്രീമൂലം പ്രജാസഭയിലേക്കു നാമനിർദ്ദേശം ചെയ്യപ്പെട്ടു. 25 വർഷം അംഗത്വം തുടർന്നു. ഹരിജനബാലകർക്ക് വിദ്യാലയപ്രവേശനം (1914) സൗജന്യ ഉച്ചക്ഷണം സൗജന്യനിയമസഹായം എന്നിവർക്കുവേണ്ടി പ്രജാസഭയിൽ ഫലപ്രദമായി വാദിച്ചു. അയ്യൻകാളിയിൽനിന്നും പ്രചോദനം ഉൾക്കൊണ്ട

'പുലയരാജാവ്' എന്നാണ് ഗാന്ധിജി ഇദ്ദേഹത്തെ വിശേഷിപ്പിച്ചത്.

## ഗാന്ധിജി (1869-1948)

ഇന്ത്യയെ ബ്രിട്ടീഷ് ഭരണത്തിൽനിന്നു മോചിപ്പിക്കാനുള്ള സമരത്തിനു നേതൃത്വം നൽകി രാഷ്ട്രപിതാവായിത്തീരുക മാത്രമല്ല, നവഭാരതശില്പിയായി മാറുകയും ചെയ്ത മോഹൻദാസ് കരംചന്ദ് ഗാന്ധി, ഇന്നത്തെ ഗുജറാത്തിൽപെട്ട പോർബന്ദറിലെ ഒരു വൈശ്യകുടുംബത്തിൽ 1869- ഒക്ടോബർ 2-ന് ജനിച്ചു. ഹിന്ദു സമുദായത്തിൽ 'തൊട്ടു കൂടാത്തവർ' എന്നു കണക്കാക്കപ്പെട്ടിരുന്ന ജാതിക്കാരുടെ പ്രശ്നത്തെപ്പറ്റി ഗാന്ധിജി ബോധവാനായിരുന്നു. ഗാന്ധിജി വൈക്കം സത്യാഗ്രഹത്തിന് പ്രചോദനം നൽകി. 1932-ൽ ഗുരുവായൂർ ക്ഷേത്രം എല്ലാഹിന്ദുക്കൾക്കും തുറന്നുകൊടുക്കാൻ കോൺഗ്രസ് നേതാവായ കേളപ്പൻ നടത്തിയ നിരാഹാരസത്യാഗ്രഹം ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം പിൻവലിക്കുകയുണ്ടായി. ജയിൽവിമുക്തനായി ഒരു വർഷം ഹരിജനോദ്ധാരണപ്രവർത്തനങ്ങൾക്കായി ഗാന്ധിജി ഇന്ത്യ ഒട്ടാകെ പര്യടനം നടത്തി. 'ഹരിജൻ' എന്ന വാക്ക് ഗാന്ധിജിയാണ് ആദ്യമായി ഉപയോഗിച്ചത്. അദ്ദേഹം 'ഹരിജൻ' എന്നൊരു പത്രം ഇറക്കിയിരുന്നു. 1934 ജനുവരി 20ന് തിരുവനന്തപുരത്ത് വമ്പിച്ച ഒരു പൊതുയോഗത്തിൽ ഗാന്ധിജി പറഞ്ഞു: "തിരുവിതാംകൂറും കൊച്ചിയും ഉൾപ്പെട്ട കേരളമാണ് ഇന്ത്യയുടെ ഭൂപടത്തിൽ അയിത്തം കുറിക്കുന്ന ഏറ്റവും കറുത്ത ഭാഗം എന്നു പറയാനുള്ള ധിക്കാരം - നിങ്ങളുടെ ഭാഷയിൽ ധിക്കാരം, എന്റെ ഭാഷയിലാണെങ്കിൽ ധൈര്യം - ഞാൻ പ്രകടിപ്പിച്ചിട്ടുണ്ട്."[3]

ഗാന്ധിജിയുടെ ദർശനത്തെക്കുറിച്ച് ഇന്ന് ഭിന്നാഭിപ്രായങ്ങൾ ഉയർന്നുവരുന്നുണ്ട്. ഡോ. തോമസ് കാടൻകാവിൽ ഇപ്രകാരം പറയുന്നു, "ഇതിൽ ഏറ്റം ശക്തമായ വിമർശനം ഉയരുന്നത് അംബേദ്ക്കർ നേതൃത്വം കൊടുത്ത് ശക്തിപ്പെടുത്തിയ ദളിത് വിഭാഗത്തിൽനിന്നാണ്. കാരണം ഗാന്ധിജിക്ക് ഹിന്ദുമതത്തിലെ വർണ്ണാശ്രമത്തെക്കുറിച്ച് സ്വന്തമായൊരു കാഴ്ചപ്പാടുണ്ടായിരുന്നു. വർണ്ണാശ്രമക്രമത്തിന്റെ പ്രത്യേകതയാണല്ലോ ഉയർന്ന ജാതിയോടു ബഹുമാനവും താഴ്ന്ന ജാതിയോടു വെറുപ്പും. ഗാന്ധിജിയുടെ രാഷ്ട്രീയ-സാമൂഹിക വീക്ഷണം ജാതി മൗലികതയാൽ നിയന്ത്രിക്കപ്പെടുന്നു എന്നതാണ് ഏറ്റവും രൂക്ഷമായ വിമർശനം."[4] ഇന്ത്യൻ ജാതിവ്യവസ്ഥയിലെ മേൽക്കോയ്മ ഗാന്ധിജി ബ്രാഹ്മണർക്കു നൽകിയിരുന്നെങ്കിലും അതിനെ അദ്ദേഹം ദുർബ്ബലപ്പെടുത്തുന്നു എന്നു ചിന്തിച്ചവരുടെ പ്രതിനിധിയായിട്ടാണ് ഗോഡ്സെ 1948-ൽ ഗാന്ധിജിയെ വധിച്ചത്.

## വക്കം അബ്ദുൾഖാദർ മൗലവി: (1873-1932)

കേരളത്തിലെ സാമൂഹികപരിഷ്കരണപ്രസ്ഥാനം ഹിന്ദു സമുദായത്തിൽ മാത്രം ഒതുങ്ങിനിന്നില്ല വിദ്യാഭ്യാസത്തിൽ പിന്നോക്കമായിരുന്ന മുസ്ലീം സമുദായത്തിലും വ്യതിയാനത്തിന്റെ കാറ്റടിച്ചു. മുസ്ലീങ്ങൾക്കിടയിലെ ഏറ്റവും മികച്ച സാമൂഹ്യപരിഷ്കർത്താക്കളിൽ ഒരാളായിരുന്നു വക്കം അബ്ദുൾഖാദർ മൗലവി. മുസ്ലീങ്ങളടക്കമുള്ള മുഴുവൻ ജനങ്ങളുടെയും ഇടയിൽ നടമാടിയിരുന്ന അനാചാര

പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവന്നു. 'മുസ്ലീം' 'ദീപിക' എന്നിങ്ങനെ രണ്ട് ആനുകാലികപത്രങ്ങൾ അദ്ദേഹം സ്വന്തം പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

എ. ശ്രീധരമേനോൻ മൗലവിയുടെ പ്രസക്തിയെക്കുറിച്ച് ഇപ്രകാരം എഴുതുന്നു: "ഈഴവരും നായന്മാരും ആരംഭിച്ച ജനസമുദായ സംഘടനകളുടെ ചുവടുപിടിച്ച് മൗലവി 'തിരുവിതാംകൂർ മുസ്ലീം മഹാസഭ'യും 'ചിറയിൻകീഴ്' താലൂക്ക് മുസ്ലീം സമാജവും സ്ഥാപിച്ചു. മുസ്ലീങ്ങൾക്ക് സാമൂഹ്യമായ ഉയർച്ച കൈവരുത്തുക അവർക്കിടയിൽ സ്വതന്ത്രചിന്താഗതി വളർത്തുക എന്നിവയായിരുന്നു ഈ സംഘടനകളുടെ ഉദ്ദേശ്യം. കേരളത്തിൽ വിദ്യാഭ്യാസരംഗത്തും സാമൂഹ്യരംഗത്തും മുസ്ലീം സമുദായത്തിനുണ്ടായ പുരോഗതിയിൽ ഏറിയകൂറും മൗലവിസാഹിബ്ബിന്റെ പ്രാരംഭ പ്രവർത്തനങ്ങളോട് കടപ്പെട്ടിരിക്കുന്നു."[5]

## മന്നത്ത് പത്മനാഭൻ: (1878-1970)

നായർ സമുദായാചാര്യനായിരുന്ന ഇദ്ദേഹം ചങ്ങനാശ്ശേരിയിലെ പെരിന്നയിൽ 1878-ൽ ജനിച്ചു. വക്കീൽ പരീക്ഷ പാസായ മന്നത്തു പത്മനാഭപിള്ള ചങ്ങനാശ്ശേരി മജിസ്ട്രേറ്റ് കോർട്ടിൽ വക്കീലായി സേവനമനുഷ്ഠിച്ചു. അക്കാലത്ത് തിരുവിതാംകൂറിലെ പല ഭാഗങ്ങളിലും പ്രവർത്തിച്ചിരുന്ന നായർ സമാജങ്ങളെ ഏകോപിപ്പിക്കുന്നതിനും സമുദായപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും അദ്ദേഹം മുന്നിട്ടിറങ്ങി. 1912-ൽ ആദ്യത്തെ നായർ കരയോഗം പെരുന്നയിൽ സ്ഥാപിച്ചു.

നായർ സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും നിർമ്മാർജ്ജനം ചെയ്യുന്നതിനായിരുന്നു ആദ്യം അദ്ദേഹം പരിശ്രമിച്ചത്. 1913-ൽ മരുമക്കത്തായം അവസാനിപ്പിച്ച് മക്കത്തായം നടപ്പിലാക്കി. ഇദ്ദേഹവും വേറെ 13 യുവാക്കളും ചേർന്ന് 'നായർ ഭൃത്യജനസംഘം' രൂപീകരിച്ചു. 1914-ൽ തുടങ്ങിയ ഈ സംഘടനയാണ് പിൽക്കാലത്ത് 'നായർ സർവ്വീസ് സൊസൈറ്റി'യായി രൂപപ്പെട്ടത്. അയിത്തോച്ചാടനം നടപ്പിൽ വരുന്നതിനായി അഹോരാത്രം പണിപ്പെട്ട അദ്ദേഹം വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കുകയും സവർണ്ണ ജാഥയ്ക്കു നേതൃത്വം കൊടുക്കുകയും ചെയ്തു. വിവിധ സ്ഥലങ്ങളിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ച അദ്ദേഹത്തെ 1966-ൽ പത്മഭൂഷൺ നൽകി കേന്ദ്ര ഗവൺമെന്റ് ആദരിച്ചു.

## അംബേദ്കർ: (1893-1956)

അംബേദ്കറെ കേരളത്തിൽനിന്നുള്ള നവോത്ഥാനനായകരുടെ കൂടെ ഉൾപ്പെടുത്താൻ പാടില്ലെങ്കിലും, ദളിത് പ്രസ്ഥാനത്തിന് തനിമ നല്കിയ ഒരു വ്യക്തി എന്നുള്ള നിലയിൽ അദ്ദേഹത്തെക്കുറിച്ച് ഇവിടെ പരാമർശിക്കുകയാണ്.

ഇന്ത്യൻ ഭരണഘടനയുടെ ശിൽപ്പികളിൽ പ്രമുഖനായ അംബേദ്കർ 1893-ൽ മഹാരാഷ്ട്രയിലെ ബറോഡ എന്ന സ്ഥലത്ത് ജനിച്ചു. തൊട്ടുകൂടായ്മയുടെയും, ഹരിജനങ്ങൾക്കുള്ള വിദ്യാഭ്യാസ നിരോധനത്തിന്റെയും കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പിതാവ് നിശ്ചയദാർഢ്യത്തോടെ അംബേദ്ക്കറെ സ്കൂളിലയച്ചു. ഏറെ

നൽകി, യു.എസ്സ്., യു. കെ., ജർമ്മനി എന്നിവിടങ്ങളിൽ പഠിക്കാനയച്ചു. അംബേദ്ക്കർ എം. ഏ. ബാർ, അറ്റ്ലാ ഡോക്ടറേറ്റ് എന്നിവ നേടി. ബറോഡയിൽ ഗവർമ്മേണ്ട് ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം പിന്നീട് ബോംബെ ഹൈക്കോടതിയിൽ അഭിഭാഷകനായി.

ഹരിജനനേതാവായി അംഗീകാരം നേടിയ അംബേദ്ക്കർ താഴ്ന്നവരുടെ ഉന്നമനത്തിനായി പോരാടി. നിരവധി ഗ്രന്ഥങ്ങൾ രചിച്ചും സ്കൂളുകൾ സ്ഥാപിച്ചും പത്രം നടത്തിയും ഹരിജനങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡലങ്ങൾക്കു വേണ്ടി വാദിച്ചും 'ഗാന്ധിജിയെ എതിരിട്ടുപോലും' ഇദ്ദേഹം ഹരിജനങ്ങളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിച്ചു. വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലംഗമായിരുന്ന ശേഷം അംബേദ്ക്കർ 1947-ൽ തൊഴിൽ വകുപ്പള മന്ത്രിയായി ഭരണഘടനാനിർമ്മാണസഭയിൽ പ്രവർത്തിച്ചു. 1951-ൽ മന്ത്രിസ്ഥാനം രാജിവച്ചു. ഹിന്ദുമതത്തിലെ ഹരിജനമർദ്ദനപ്രവണതകളിൽ പ്രതിഷേധിച്ച് രണ്ടുലക്ഷം അനുയായികളോടൊപ്പം ഇദ്ദേഹം ബുദ്ധമതത്തിൽ ചേർന്നു.

ശ്രീ. എം. ഓ. മത്തായി തന്റെ 'നെഹ്റുയുഗത്തിന്റെ സ്മരണകൾ' എന്ന ഗ്രന്ഥത്തിൽ അംബേദ്ക്കറുടെ വാക്കുകൾ ഉദ്ധരിക്കുന്നുണ്ട്: "നിങ്ങൾ മലയാളികൾ ഈ രാജ്യത്തിന് വലിയ ദ്രോഹം ചെയ്തിട്ടുണ്ട്. നിങ്ങൾ ബുദ്ധമതത്തെ രാജ്യത്തുനിന്നോടിക്കാൻ ഒരു ഉന്നത താത്വികസന്യാസിയായ ശങ്കരാചാര്യരെ ഒരു പദയാത്രയായി വടക്കോട്ടയച്ചു. ഇന്ത്യയിൽ ജനിച്ചിട്ടുള്ളതിൽ ഏറ്റവും വലിയ മഹാത്മാവാണ് ബുദ്ധൻ."[6] ഇന്ത്യൻ ഭരണഘടനയുടെ ശിൽപ്പിയായ അംബേദ്ക്കർ 1956-ഡിസംബർ 6-ാം തീയതി ന്യൂഡൽഹിയിൽവച്ച് മരിച്ചു.

## നിരീക്ഷണം

കാലത്തിന്റെ പ്രതിഭകളായി വ്യക്തികളെ വിലയിരുത്തുന്നത് അവർ ചെയ്തിട്ടുള്ള സംഭാവനകളെ ആസ്പദമാക്കിയാണ്. ഭൂതകാലത്തിൽനിന്ന് കൈപിടിച്ചിറക്കി മാറ്റത്തിന്റെ ശംഖൊലി മുഴക്കി വർത്തമാനകാലത്തിലേക്കും ഭാവിശ്രേയസ്സിലേക്കും ലോകത്തെ നയിക്കുന്നവരാണ് മഹാത്മാക്കൾ. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശയിലും കേരള സമുദായത്തെ സ്വാധീനിച്ച മഹാന്മാരായ നവോത്ഥാനനായകരെക്കുറിച്ച് ഈ അദ്ധ്യായത്തിൽ നാം ചരിത്രപരമായി പരിശോധിക്കുകയായിരുന്നു. ഇവരുമായി തുലനം ചെയ്യുമ്പോഴാണ് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ദളിത് നവോത്ഥാനത്തിലുള്ള വലിയ സംഭാവന വ്യക്തമാകുന്നത്. അദ്ദേഹത്തിന്റെ ദർശനത്തെക്കുറിച്ച് അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

## അടിക്കുറിപ്പുകൾ

1. ഭഗവത്ഗീത, 4,8.
2. വിവേകാനന്ദസർവസ്വം, മൂന്നാംഭാഗം, പേജ് 186-187.
3. സർവ്വവിജ്ഞാനകോശം, വാല്യം 9, പേജ് 835
4. ഡോ. തോമസ് കാടൻകാവിൽ, ഗാന്ധിജിയുടെ വർണ്ണ ദർശനം, പേജ് 2.
5. എ. ശ്രീധരമേനോൻ, കേരളചരിത്രം, പേജ് 324.

# അദ്ധ്യായം 5
# വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ദളിത് ദർശനം

## ഉദയതാരം


കൽക്കട്ടായിലെ മദർതെരേസായെ ആധുനികലോകം സംബോധന ചെയ്തത് 'പാവങ്ങളുടെ അമ്മ'യെന്നാണ്. ഇന്ത്യൻ സഭാചരിത്രം ആഴത്തിലും പരപ്പിലും പഠിച്ചാൽ 'പാവങ്ങളുടെ പിതാവ്' എന്ന് വിളിക്കപ്പെടുവാൻ അതിന്റെ എല്ലാ അർത്ഥവിവക്ഷയിലും യോഗ്യതയുള്ള ഒരു വ്യക്തിയാണ് വാ. ചാവറയച്ചൻ എന്നു കാണാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ഒരു ഉദയതാരംപോലെ വാ. ചാവറയച്ചനെന്ന യതിവര്യൻ ഉദിച്ചുയരുകയും എല്ലാവർക്കും മുൻപുതന്നെ നവീകരണത്തിൻെറ പന്ഥാവിലൂടെ ഗമിക്കുകയും നവീകരണയജ്ഞത്തിന്റെ ഒറ്റ യടിപ്പാത വെട്ടിതുറക്കുകയും ചെയ്തു. സമൂഹത്തിന്റെ സമ്പൂർണ്ണ പുരോഗതിയും സമൂലപരിവർത്തനവുമായിരുന്നു വാ. ചാവറയച്ചന്റെ ലക്ഷ്യം. സമൂഹത്തിലെ അധഃസ്ഥി തർക്കും ആലംബഹീവനർക്കും അത്താണിയായി നിന്നുകൊണ്ട് സാമൂഹ്യപരിഷ്ക രണ സംരംഭങ്ങൾക്ക് വാ. ചാവറയച്ചൻ നേതൃത്വം നൽകി.

## ജീവിതവും പ്രവർത്തനങ്ങളും

കേരളത്തിന്റെ നെല്ലറ എന്നറിയപ്പെട്ടിരുന്ന കുട്ടനാട്ടിൽ ചേന്നങ്കരി ഇടവ കാതിർത്തിയിലെ കൈനകരി ചാവറ കുടുംബത്തിൽ 1805-ൽ വാ. ചാവറയച്ചൻ ഭൂജാതനായി. സവർണ്ണ ഹിന്ദുക്കളുടെ ഭരണവും മേൽക്കോയ്മയും കൊടികുത്തി വാണിരുന്ന അക്കാലത്ത് തീണ്ടലിന്റെയും തൊടീലിന്റെയും അധമവികാരങ്ങൾ കുത്തിയിളക്കി മനുഷ്യൻ മനുഷ്യനെ വെറുക്കുന്ന, പുച്ഛിക്കുന്ന സാഹചര്യം അന്നുണ്ടാ യിരുന്നു. കുട്ടനാട്ടിലെ അടിച്ചമർത്തപ്പെട്ടവരായ കർഷകതൊഴിലാളികളുടെ ജീവി തപശ്ചാത്തലത്തിലാണ് വാ. ചാവറയചച്ചൻ വളർന്നു വന്നത്.

ആ കാലഘട്ടത്തിന്റെ അരണ്ട വെളിച്ചത്തിൽ തന്റെയും സഹജീവികളുടെ യും ആത്മരക്ഷയ്ക്ക് ചാവറയച്ചൻ പ്രഥമസ്ഥാനം നൽകി. തത്ഫലമായി താവഴി നിലച്ച കുടുംബത്തേയും ആശ്രയം നൽകേണ്ട മാതാവിനെയും പിന്നിട്ടുകൊണ്ട് പൗരോഹിത്യത്തിന്റെ ഉന്നതമായ ഗിരിശൃംഗത്തിലേക്ക് അദ്ദേഹം പ്രവേശിച്ചു. അവിടെനിന്ന് നാലുപാടും നോക്കിയപ്പോൾ മനുഷ്യയാതനകൾ മാമലപോലെ അദ്ദേ

ജീവികളുടെ സമഗ്രവളർച്ചയ്ക്ക്, പാവപ്പെട്ടവന്റെ വിമോചനത്തിന്, അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. ഈ ലക്ഷ്യസാക്ഷാൽക്കാരത്തിന്, 'സി.എം.ഐ.' സഭരൂപീകരിച്ചു. പ്രാർത്ഥനയുടെയും സാധുജനസേവനത്തിന്റെയും ആരാധനാലയങ്ങളായി, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം സന്ന്യാസഭവനങ്ങൾ ആരംഭിച്ചു. പറയനും പുലയനും ഈഴവനും ഈ ഭവനങ്ങളിൽ തുല്യസ്ഥാനം നൽകി. സവർണ്ണരും അവർണ്ണരും തമ്മിൽ സ്വതന്ത്രമായി സന്ധിക്കുന്നതിന് അവസരമൊരുക്കി. അങ്ങനെ ഒരു സാമൂഹ്യവിപ്ലവത്തിന് നേതൃത്ത്വം നൽകി. ആശ്രമങ്ങളിൽനിന്നും ദളിതർക്ക് വസ്ത്രവും ഭക്ഷണവും നൽകുന്ന രീതി ഇവിടെയാണാരംഭിക്കുക. മദ്ധ്യാഹ്നത്തിൽ പള്ളിമണികൊട്ടി പാവപ്പെടവനെ വിളിച്ചുവരുത്തി അവരുടെ വിശപ്പടക്കുന്നരീതി അടുത്തകാലംവരെ കേരളത്തിലെ കൊവേന്തകളിൽ നിലനിന്നിരുന്നു. അതിന്റെ ഒരു ചിത്രം താഴെ കാണാം.



## വിദ്യാഭ്യാസപ്രവർത്തനം

വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഒരു ജനതയുടെ പുരോഗതി സാദ്ധ്യമാകൂ എന്ന് ദൃഢബോദ്ധ്യമുണ്ടായിരുന്ന ചാവറയച്ചൻ 1830-ൽ അധഃകൃതരെന്ന് മുദ്രയടിച്ച് സാമൂഹ്യജീവിതസരണിയിൽനിന്നു മാറ്റി നിർത്തിയിരുന്ന ദളിതർക്കുവേണ്ടി, മാന്നാനത്തും ആർപ്പൂക്കരയിലും മലയാളവിദ്യാലയങ്ങൾ സ്ഥാപിച്ചു. പാറപ്പുറത്ത് വർക്കിയച്ചന്റെ നാളാഗമത്തിൽ ഇപ്രകാരം വിവരിക്കുന്നു, "മാന്നാനത്ത് ഈ കുന്നേൽ സ്കൂൾ പണിതുടങ്ങുകയും ആർപ്പൂക്കരെ തുരുത്തിമാലിയുടെ കുന്നേൽ പുലയര് മാർഗ്ഗം കൂടുന്നവർക്ക് കപ്പേളയും അതോട്ചേർന്ന് സ്കൂളും പണിയിക്കുന്നതിന് സ്ഥലം കണ്ടു നിശ്ചയിച്ചു. പള്ളികളിൽനിന്നും പ്രധാനികളിൽനിന്നും വീതം എടുത്ത് സമീപെ 17 പറയ്ക്ക് പുഞ്ച തീറെഴുതി. കൊവേന്തയിൽ നിന്ന് നടത്തണമെന്ന് കല്പനയും കൊടുത്തു."[1] സവർണ്ണരുടെ ഭാഷയായ സംസ്കൃതം അവർണ്ണരെയും പഠിപ്പിക്കുവാൻ മാന്നാനത്ത്, 1946-ൽ സംസ്കൃതസ്കൂൾ ...

1846-ൽ അദ്ദേഹം മാന്നാനത്ത് ആരംഭിച്ച് നടത്തിവന്ന സംസ്കൃതവിദ്യാലയത്തെപ്പറ്റി പാറപ്പുറത്ത് വർക്കിയച്ചൻ ഇപ്രകാരം എഴുതിയിരിക്കുന്നു, "ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോട് ചേർന്ന് ഒരു സംസ്കൃതസ്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപമുള്ള സ്ഥലങ്ങളിൽനിന്ന് കുട്ടികളും ചേർന്ന് പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശ്ശൂരിൽനിന്ന് വാർയ്യരുജാതിയിൽ ചേർന്ന ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു. ഇയാൾ മലയാളഭാഷയിലും സംസ്കൃതഭാഷയിലും വളരെ സമർത്ഥനായിരുന്നു."[2]

വാ. ചാവറയച്ചൻ കേരള സഭയുടെ വികാരി ജനറാളായിരുന്ന കാലത്ത് കേരളത്തിലെ എല്ലാ പള്ളികളോടും ചേർത്ത് സ്കൂളുകൾ സ്ഥാപിക്കുവാനും ജാതിമതഭേദമെന്യേ വിദ്യാഭ്യാസം നൽകുവാനും കല്പനയെഴുതി. സ്കൂളുകൾ തുറക്കാത്ത പള്ളികൾ അടച്ചുപൂട്ടുമെന്ന് താക്കീത് നൽകുവാനും അദ്ദേഹം മടിച്ചില്ല. കേരളത്തിലെ വിദ്യാഭ്യാസപുരോഗതിയുടെയും നൂറു ശതമാനം സാക്ഷരതയുടെയും ഹരിശ്രീ കുറിക്കുകയായിരുന്നു വാ. ചാവറയച്ചൻ. ഇന്ന് ധാരാളമായി വളർന്നു പന്തലിച്ചു നിൽക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മൂലസ്രോതസ്സും, ഉത്തേജകഘടകവും അദ്ദേഹത്തിന്റെ വിദ്യാഭ്യാസപ്രവർത്തനമായിരുന്നു. ഇന്ത്യയിൽ മാത്രം മുന്നൂറോളം വിദ്യാഭ്യാസസ്ഥാപനങ്ങൾ സി.എം.ഐ. സഭ നടത്തുന്നുണ്ട്. കൂടാതെ ഇന്ത്യയിലെ വിവിധ ആദിവാസി സങ്കേതങ്ങളിൽ അക്ഷരവെളിച്ചം പകർന്നുകൊടുക്കുവാൻ 'ഗ്യാൻ ജോതി' എന്ന സാക്ഷരസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെ ചാവറയച്ചന്റെ പിൻഗാമികൾ ഇന്ന് അവർണ്ണനെന്നോ സവർണ്ണനെന്നോ ഭേദംകൂടാതെ ലക്ഷോപലക്ഷം വിദ്യാർത്ഥികളെയാണ് പ്രഗത്ഭരാക്കുന്നത്. അതുവഴി ഈ കുട്ടികൾ സമുദായത്തിന്റെ ഉന്നതശ്രേണിയിൽ വിരാചിക്കുന്നു.

## വനിതാക്ഷേമപ്രവർത്തനം

സ്ത്രീകളുടെ സർവ്വതോന്മുഖമായ വളർച്ചയെ മുന്നിൽ കണ്ടുകൊണ്ട് സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ അവർക്ക് പുരോഗതി ഉണ്ടാക്കുവാനാണ് 'സി.എം.സി.'സന്ന്യാസിനീസഭയ്ക്ക് അദ്ദേഹം അടിസ്ഥാനമിട്ടത്. ഇന്ന് കേരളത്തിലെ സ്ത്രീജനങ്ങൾ പ്രബുദ്ധരായിത്തീർന്നിട്ടുള്ളതിന്റെ പ്രധാനകാരണം സി.എം.സി. സന്നദ്ധ മുന്നണിയുടെയും അതിന്റെ ചുവടുപിടിച്ച് വളർന്നു വന്നിട്ടുള്ള ഇതര സന്ന്യാസിനീ സമൂഹങ്ങളുടെയും കഠിനപ്രയത്നമാണ്. ദളിതരിൽ ദളിതരായ സ്ത്രീജനങ്ങൾക്ക് ലോകത്തിലെമ്പാടും പ്രത്യേകിച്ച് ഭാരതത്തിലും ഈ സന്ന്യാസിനീസമൂഹങ്ങൾ ചെയ്യുന്ന വനിതാക്ഷേമപ്രവർത്തനങ്ങൾ അനവധിയാണ്.

## അച്ചടിശാലപ്രവർത്തനം

പ്രസ്സും പ്രസിദ്ധീകരണങ്ങളും ഭാവിതലമുറയുടെ വിജ്ഞാനപോഷണത്തിന് അത്യന്താപേക്ഷിതമാണെന്ന് കണ്ടറിഞ്ഞ് വാ. ചാവറയച്ചൻ കേരളത്തിൽ മുദ്രാലയപ്രേക്ഷിതത്വത്തിന്റെ ആരംഭം കുറിച്ചു. തിരുവനന്തപുരത്തെ സർക്കാർ പ്രസ്സും കോട്ടയത്തെ പ്രൊട്ടസ്റ്റന്റു മിഷൻ പ്രസ്സും ഒഴികെ മറ്റൊരിടത്തും അച്ചടിശാലകൾ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് അദ്ദേഹം 1844-ൽ മാന്നാനത്ത് സെന്റ് ജോസഫ്

ദൈവരാജ്യമൂല്യങ്ങൾക്ക് ഊന്നൽ നൽകുന്ന നിരവധി ഗ്രന്ഥങ്ങൾ ചാവറയച്ചൻ അക്കാലത്ത് പ്രസാധനം ചെയ്തു. അനുവാചകരിൽ മൂല്യാവബോധം ജനിപ്പിക്കുന്നതിനുതകുന്നതും കുടുംബജീവിതക്കാർക്ക് ഉത്ബോധനങ്ങൾ നൽകുന്നവയുമായിരുന്നു അദ്ദേഹം പ്രസിദ്ധീകരിച്ച ആദ്ധ്യാത്മിക കൃതികളും ഖണ്ഡകാവ്യങ്ങളും. കേരള പത്രതറവാട്ടിലെ മുത്തശ്ശിയായ 'ദീപിക' ദിനപ്പത്രത്തിന്റെ പ്രചോദനം വാ. ചാവറയച്ചനിൽനിന്നുതന്നെയാണ്. മാനവസമൂഹത്തിന്റെ സൃഷ്ടിയിലും വ്യക്തിസ്വാതന്ത്ര്യവും ലോകസമാധാനവും സാർവ്വലൗകികസാഹോദര്യവും സംരക്ഷിക്കുന്നതിലും പ്രസിദ്ധീകരണങ്ങൾക്കുള്ള പങ്ക് തിരുസ്സഭ പഠിപ്പിക്കുന്നതിന് ഒരു നൂറ്റാണ്ട് മുമ്പേ തന്നെ ഈ ദർശനധാര പ്രവൃത്തിപഥത്തിലെത്തിച്ച ചാവറയച്ചൻ കാലഘട്ടാതിശായിയായ ഉത്കൃഷ്ട ക്രാന്തദർശിയാണ്.

## ആതുരാലയപ്രവർത്തനം

ഇരുപതാംനൂറ്റാണ്ടിലെ അവസാന ദശകങ്ങളിൽ ദൈവസ്നേഹത്തിന്റെ അവതാരമായി ജനിച്ച കൽക്കട്ടയിലെ മദർ തെരേസയെപ്പോലെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യദശകത്തിൽ സമൂഹത്തിലെ ഉപേക്ഷിക്കപ്പെട്ടവർക്കുവേണ്ടി ഉപവിശാലയുമായി വാ. ചാവറയച്ചൻ മുമ്പോട്ടു വന്നു. അന്നുവരെ ആരും സ്വപ്നം കാണാത്ത അനുകമ്പയുടെയും ആർദ്രതയുടെയും ഒരു ധീരകൃത്യമായിരുന്നു അത്. മദർതെരേസയ്ക്കു ഈ സ്നേഹത്തിന്റെ ആശയം കിട്ടുന്നതിനു ഒരു നൂറ്റാണ്ടിലധികം വർഷങ്ങൾക്കുമുമ്പ് വഴിയോരങ്ങളിൽ അനാഥരായി മരണത്തിന്റെ കാലൊച്ചകേട്ടു കഴിഞ്ഞിരുന്ന അനേകർ ചാവറയച്ചന്റെ ദൃഷ്ടിയിൽ പെട്ടു. ഇവരിൽ ധാരാളം അധഃകൃതരും ഹരിജനങ്ങളുമുണ്ടായിരുന്നു. തന്റെ മരണപത്രത്തിൽ ക്രിസ്തീയകുടുംബങ്ങളോട് ഇപ്രകാരം ഉപദേശിക്കുന്നു,

> "ഭിക്ഷക്കാർ വെറും കയ്യോടെ നിന്റെ
> വീട്ടിൽനിന്നു പോകാൻ സമ്മതിക്കേണ്ട...
> പാവപ്പെട്ടവരെ നിന്ദിക്കുകയോ,
> ബുദ്ധിമുട്ടിക്കുകയോ അരുത്..."[2]

പാവപ്പെട്ടവർക്കു വേണ്ടി തന്റെ സ്വന്തം ഇടവകക്കാരെ കൊണ്ടു കൈനകരിയിൽ പണികഴിപ്പിച്ച ആതുരാലയം, ആ കർമ്മധീരനിൽ തുടികൊട്ടിയിരുന്ന വിശാലമനുഷ്യസ്നേഹത്തിന്റെയും നീതിബോധത്തിന്റെയും പ്രകടനമായിരുന്നു. അങ്ങനെ ജാതിമതഭേദമില്ലാതെ അഗതികളെയും രോഗികളെയും രക്ഷിക്കത്തക്കവണ്ണം അദ്ദേഹം രൂപകല്പന ചെയ്ത ഈ പദ്ധതി മലയാളത്തിലെ ഒന്നാമത്തെ 'ഉപവിശാല'യായിത്തീർന്നു.

ഇന്ന് നാടിന്റെ നാനാ ഭാഗങ്ങളിലും സ്ഥാപിതമായിരിക്കുന്ന, പതിനായിരങ്ങളെ തീറ്റിപോറ്റി സംരക്ഷിക്കുന്ന, ശതക്കണക്കിന് അഗതിമന്ദിരങ്ങളുടെയും സൗജന്യബോർഡിംഗുകളുടെയും മുന്നോടിയായുള്ള ഉപവിശാലയുടെ ഉത്ഘാടനം നിർവ്വഹിച്ചത് വാ. ചാവറയച്ചൻ തന്നെയാണ്. ഇതിന്റെ മേൽനോട്ടത്തിനും അഗതിസേവനത്തിനുമായി 'നൽമരണസഹായസഖ്യം' എന്ന പേരിൽ ഒരു സംഘടനയും അദ്ദേഹം സ്ഥാപിച്ചു. ഓരോ വീട്ടിലും സാധുക്കൾക്കുവേണ്ടി 'ഓരോ പിടി അരി' സൂക്ഷിച്ചു വയ്ക്കുന്ന സമ്പ്രദായവും ഈ ദളിത് സ്നേഹത്തിൽനിന്നും

## നിരീക്ഷണം

ക്രാന്തദർശിയായ ചാവറയച്ചന്റെ ദളിത് ക്ഷേമപ്രവർത്തനത്തിന്റെ കൊച്ചു കൊച്ചു വിത്തുകൾ മുളച്ച് പന്തലിച്ച് ശാഖകളായി ഫലം ചൂടി നില്ക്കുന്ന സുന്ദരമായ കാഴ്ചയാണ് കേരളത്തിലും ഭാരതത്തിലും ആഫ്രിക്കയിലുമൊക്കെ ഇന്ന് നാം കാണുക. പാവപ്പെട്ടവന്റെയും പതിതരുടെയും വളർച്ചയ്ക്ക് പാർട്ടികളും, രാഷ്ട്രീയക്കാരും തൊഴിലാളിസംഘടനയും മണ്ഡൽ കമ്മീഷനും ഒക്കെ കാരണമായിരിക്കാം. സാമൂഹ്യസംഘടനയുടെ കർമ്മപ്രബുദ്ധതയും ഇന്നിന്റെ ഇതിഹാസത്തിന് പ്രേരകമായിട്ടുണ്ടാകും. എന്നാൽ ഇതൊന്നും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ഇങ്ങനെയൊരു സ്വപ്നം കാണുവാൻ ചാവറയച്ചനു മാത്രമേ കഴിഞ്ഞിരുന്നുള്ളു. കർമ്മയോഗിയായ ചാവറയച്ചൻ മനുഷ്യരെ ദൈവത്തിന്റെ വത്സലമക്കളും തന്റെ സ്വന്തക്കാരുമായിട്ടത്രെ കണ്ടത്. അവരോടുള്ള ആഴമായ സ്നേഹം അവരുടെ ഉന്നതിക്കുവേണ്ടി പണിയെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഏതാണ്ട് ഒന്നര ശദാബ്ദം മുൻപ് ഈ പ്രതിഭാസങ്ങൾക്കെല്ലാം അടിസ്ഥാനശില പാകിയ ആ ശില്പിയെ ചരിത്രം ആഴത്തിൽ പഠിക്കുന്ന ഒരു സത്യാന്വേഷകനും മറക്കാനാവില്ല.

## അടിക്കുറിപ്പുകൾ

1. പാറപ്പുറത്ത് വർക്കി അച്ചൻ, *നാളാഗമങ്ങൾ,* ഉദ്ധരണി, ഫാ. വലേരിയൻ, സി.ഡി. *ചാവറ കിര്യാക്കോസ് ഏലിയാസച്ചൻ,* പേജ് 137.
2. Ibid, പേജ് 137.
3. വാ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, *കൈനകരിക്കാർക്ക് എഴുതിയ ഒന്നാമത്തെ കത്ത്, ഉദ്ധരണി,* ഡോ. ലൂക്കോസ് വിത്തുവട്ടിക്കൽ, *ചാവറയച്ചന്റെ കത്തുകൾ,* പേജ് 142.

# അദ്ധ്യായം 6
# പൊതുനിരീക്ഷണം

മനുഷ്യസേവനത്തിന്റെ ഒരു ഇതിഹാസമാണ് ചാവറയച്ചന്റെ ജീവിതമെന്ന് കഴിഞ്ഞ അദ്ധ്യായത്തിലൂടെ നാം മനസ്സിലാക്കി. ഇന്ത്യൻ പ്രസിഡന്റായിരുന്ന ശ്രീ. വെങ്കിട്ടരാമൻ ചാവറയച്ചന്റെ സ്റ്റാമ്പ് പ്രകാശനം ചെയ്തുകൊണ്ട് ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു,: "ക്രിസ്തീയശുശ്രൂഷയുടെ പ്രായോഗികപദ്ധതിയുമായി

ഭാരതക്രിസ്തീയ സഭയുടെ ഈ ശുശ്രൂഷാചൈതന്യത്തെ ഫലപ്രദമായി, പ്രായോഗികമാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഭാരതത്തിലെ ക്രിസ്തീയസഭ എണ്ണത്തിൽ ചെറുതാണെങ്കിലും ഭാരതത്തിന്റെ ദേശീയപ്രവർത്തനങ്ങളിൽ സഭ എന്നും മുന്നണിയിൽ നിന്നിട്ടുണ്ട്. ഈ സമൂഹത്തിലെ പല മഹോന്നത വ്യക്തികളും നിരവധി പൊതുപ്രവർത്തനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും പ്രമുഖസ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. ഇവരെല്ലാം എന്നും സാമൂഹ്യ സമത്വത്തിനും സമുദായ ഉദ്ധാരണത്തിനുള്ള പ്രവർത്തനങ്ങളിലും മുൻപന്തിയിൽ തന്നെയായിരുന്നു."[1]

കേരളത്തിലെ പ്രശസ്തനായ സാംസ്കാരികപ്രവർത്തകൻ, ശ്രീ. സുകുമാർ അഴീക്കോട് ചാവറയച്ചനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തുന്നു. "19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരിൽ കേരളത്തിൽ ഇന്നനുസ്മരിക്കപ്പെടുന്നവരുണ്ടെങ്കിൽ 19-ാം നൂറ്റാണ്ടു മാത്രമല്ല 20-ാം നൂറ്റാണ്ടുകൂടെ സൃഷ്ടിച്ചവരാണ് അവരെന്ന് നാമോർക്കണം. ചാവറയച്ചൻ അത്തരം പൂർവ്വയുഗകർത്താക്കളായ മഹാത്മാരിൽ ഒരാളാണ്."[2] *ഈ പഠനത്തിലെ, വിവിധ അദ്ധ്യായങ്ങളിലൂടെ കടന്നുപോകുമ്പോൾ ഒരു ചരിത്രസത്യം നാം കണ്ടെത്തുന്നു. വാ. ചാവറയച്ചനാണ് ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന ദളിത് പ്രസ്ഥാനങ്ങളുടെയും ദളിത് ദൈവശാസ്ത്രത്തിന്റെയും തദ്ദേശ ദാർശനികനും സ്ഥാപകനും പ്രചാരകനും. ചാവറയച്ചന്റെ സാമൂഹികപ്രവർത്തന സമയത്തും അതിനുശേഷവുമാണ്, ഭാരതത്തിലെ സാമൂഹികനവോത്ഥാനനായകർ ജനിച്ചതും പ്രവർത്തിച്ചതുമെല്ലാം.* ഈ ചെറിയ പ്രബന്ധത്തിലൂടെ ഈ ചരിത്രവസ്തുതകൾ കുറച്ചൊക്കെ വെളിച്ചത്തുകൊണ്ടുവരുവാൻ സാധിച്ചതിൽ സന്തോഷമുണ്ട്.

> "കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും *ദളിതർക്ക്* സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും

പ്രഖ്യാപിക്കുവാൻ അവൻ എന്നെ അയച്ചിരിക്കുന്നു. (ലൂക്കാ 4:18-19). എന്ന ദൈവവചനത്തിൽ അധിഷ്ഠിതമായിരുന്നു ചാവറയച്ചന്റെ സാമൂഹ്യപരിഷ്കരണ സംരംഭങ്ങളെല്ലാം. അധഃകൃതരെന്നു പറഞ്ഞ് ആരെയും പുറംതള്ളുവാൻ അദ്ദേഹം അനുവദിച്ചില്ല. എല്ലാവരും ദൈവത്തിന്റെ സ്നേഹവലയത്തിലേക്ക് സമാകർഷിക്കപ്പെട്ടു. അധഃകൃതർക്കുവേണ്ടിയും സഭാംഗങ്ങൾ പ്രവർത്തിക്കണമെന്ന് അനുശാസിക്കുകയും *ഉപവിശാലയും ഹരിജനസ്കൂളും* വഴി അതിന് മാതൃക കാട്ടുകയും ചെയ്തു ചാവറയച്ചനെപ്പോലെ ഇന്നിന്റെ ചൈതന്യവും ആവശ്യവും കണക്കിലെടുത്ത് അദ്ദേഹത്തിൻെറ കാലടികളെ പിന്തുടരുവാൻ അദ്ദേഹം സ്ഥാപിച്ച സി.എം.ഐ. സഭയിലെ അംഗങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഈ രീതിയിൽ കാലത്തിന്റെ ചുവരെഴുത്ത് വായിച്ച് നീങ്ങുവാൻ സഭയ്ക്ക് വളരെയേറെ സാധിച്ചിട്ടുണ്ട്.

നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലനിന്നിരുന്ന വർണ്ണ ജാതിവ്യവസ്ഥയുടെ മൃഗീയമായ പീഡനങ്ങൾക്ക് ഇരയായിത്തീർന്നവരാണ് കീഴാള ജനവിഭാഗങ്ങൾ. ആർ. നാരായണപണിക്കർ ഇപ്രകാരം പറയുന്നു, "എന്നാൽ ഒരു കാര്യം പറയാതിരിക്കാൻ തരമില്ല. [illegible]

യും നന്നാക്കിയ ഈ പാതിരിമാരാണ്, ജാതിഹിന്ദുക്കളാൽ മൃഗങ്ങളായി ഗണിക്കപ്പെട്ടിരുന്ന അസംഖ്യം ജീവിതകളെ മനുഷ്യരാക്കിയത്. ഈ ജാതിഹിന്ദുക്കൾ മുഖം കറുപ്പിച്ചാലെന്ത്? അവർ ഈശ്വരദൃഷ്ടിയിൽ മഹത്തായ കർമ്മമാണ് ചെയ്തതെന്ന് നിഷ്പക്ഷമതിയായ ഏവനും സമ്മതിക്കും."[3] മിഷനറിമാർ നേതൃത്വം നൽകിയിരുന്ന കാലത്ത് അക്കൂട്ടർക്ക് പല നേട്ടങ്ങളും കൈവരുകയുണ്ടായി. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും അവരുടെ നില ഗണ്യമായി മെച്ചപ്പെട്ടു. എന്നാൽ ഇന്നത്തെ അവസ്ഥ അതല്ല. ജാതിവ്യവസ്ഥയുടെ എല്ലാ പീഡനങ്ങളും ഏറ്റുവാങ്ങിയ ഇവർ ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ സംവരണാവകാശത്തിന് അയോഗ്യരായിത്തീർന്നിരിക്കുന്നു. ഇന്ത്യൻ ഭരണഘടന മതവിവേചനം നിഷിദ്ധമാക്കിയിരിക്കുന്നു. അത്തരുണത്തിൽ സംവരണാവകാശത്തിന്റെ നിഷേധം രാഷ്ട്രീയ അവകാശത്തിന്റെ നിഷേധമാണ്. മതേതരരാഷ്ട്രമായ ഭാരതത്തിലെ സ്വതന്ത്രപൗരന്മാരാണ് മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾ. അതുകൊണ്ട് ചരിത്രപരമായ കാരണങ്ങളാൽ സാമൂഹികവും സാമ്പത്തികവുമായി പിന്തള്ളപ്പെട്ട ദളിത് ക്രൈസ്തവരുടെ ഉയർച്ചയ്ക്കു സഹായകരമായ എല്ലാ സംരക്ഷണവ്യവസ്ഥകൾക്കും മറ്റാരെയുംപോലെ അവർക്ക് അർഹതയും അവകാശവുമുണ്ട്.

ഇന്ത്യൻ ക്രൈസ്തവസഭകളിൽ അയിത്തം നിലനില്ക്കുന്നു. ഇത് ക്രൈസ്തവസാഹോദര്യത്തിന്റെയും സമത്വത്തിന്റെയും നിഷേധമാണ്. ക്രിസ്തീയസഭയിലെതന്നെ വിശ്വാസപരമായ വ്യത്യാസങ്ങളുടെപേരിൽ ദളിത് വിഭാഗം പലതായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അവരുടെ സംഘടനാശേഷി ഇല്ലാതാകുന്നു. ഈ സാഹചര്യത്തിൽ ദളിത് ക്രിസ്ത്യാനികൾക്ക് മാത്രമായി ഒരു പൊതുവേദി ഉണ്ടാകണം. ഭാരതക്രൈസ്തവരിൽ ബഹുഭൂരിപക്ഷം വരുന്ന അധഃകൃത ക്രൈസ്തവരുടെ പ്രശ്നം ഭാരതസഭകൾ സ്വന്തം പ്രശ്നമായി കാണണം. സംയുക്ത കത്തോലിക്കാ സുറിയാനി സഭയിലെ ആദ്യത്തെ തദ്ദേശ വികാരി ജനറാളായിരുന്ന വാ. ചാവറയച്ചന്റെ വിശാലമനോഭാവം ഇന്നത്തെ സഭാധികാരികളിൽ വളർന്നു വരട്ടെ എന്ന് ആശംസിക്കുന്നു.

## അടിക്കുറിപ്പുകൾ

1. ഫാ. ജോൺ റോമിയോ പട്ടശ്ശേരി, വാ. ചാവറയച്ചൻ വ്യക്തിയും വീക്ഷണവും, പേജ് 85.
2. സുകുമാർ അഴീക്കോട്, ചാവറയച്ചൻ ഒരു യുഗകർത്താവ്, ഉദ്ധരണി, ചാവറ ചരമശതാബ്ദി ആഘോഷസ്മാരകം, പേജ് 53.
3. ആർ. നാരായണപ്പണിക്കർ, കേരളഭാഷാസാഹിത്യചരിത്രം വാല്യം 4, പേജ് 470.

# BIBLIOGRAPHY


Aiyyar, L.K., *Anthropology of the Syrian Christians,* Ernakulam, 1926

Arvind, P.N., *Toward a Common Dalit Ideology,* Madras, 1986

Bagwan Das (ed.), *Manu's Code of Life,* New Delhi, 1993

Balakrishnan, P.K., *Jathivyavasthayum Kerala Charithravum,* Kottayam, 1985.

Bernard, A., *Marthoma Christianikal,* Ernakulam1992.

Brojendrnath, B., *Struggle for Justice to Dalit Christians,* New Delhi, 1997.

Chacko I C.,. *Mar Luis Pazheparambil Jeevithavum Kalavum,* Trivandrum, 1937.

Chacko, K.M(ed.), *Dalithar Vimochana Paathayil,* Maganam, 1988

Childbhavannd, S.(ed.), *The Bhagavad Gita*, Madras, 1965

Dhamodharan, K., *Sree Narayana Guru,* Trivandrum, 1972.

Elamkulam, K., *Keralam Anchum Aarum Nootandukalil*, Kottayam 1961.

" *Kerala Cahrithrathile Irulatanja edukal,* Kottayam 1953.

" *Jenmi Sampradayam Keralathil,* Kottayam, 1959

" *Chila Kerala Charithra Prasnagal,* Kottayam 1955

George K.M (ed.), Sarvavinjnana Kozham, Thrivandrum, 1974.

Godwin, S., *The Plight of Christian Dalits,* Bangalore, 1997

James, M., *Dalits in India*, New Delhi, 1995.

John, C.B.W., *The Dalit Christians:* a History, New Delhi, 1992.

Jose, N.K., *Pulaya Lahala,* Kottayam, 1982

„ *Channar Lahala,* Vaikam, 1979.

„ *Mar Thoma Rokose*, Kaloor, 1983.

K.C.B.C. *Bible Commission*, Bible, Cochin, 1981

Kadankavil, T., *Dalit Solidarity Sereis,* No.1-8, Kottayam 1997.

Kerala History Association, *Kerala Charithram Vol. I, Ernakulam,* 1973.

Logan W., *Logante Malabar Manual,* Calicut, 1983.

Lukas, V.(ed.,) *Chavarayachente Kathukal,* Vol.4, Mannanam, 1982.

Mannath, P., *Narayana Guru*, Changanassery, 1957.

„ *Ente Jeevita Smaranakal,* vol. I & II, Trivandrum, 1964

Manoharchandra, prasad, D. *Dalit Christian Consciousness,* Bangalore, 1994.

" *Broken God Broken People,* Bangalore, 1996.

Mateer, S., *Native Life in Travancore, Water loo* Palace, 1883.

Mozhoor, Z.M., *Chavarachan Vividha Veekshanagalil,* Thevara, 1989

Naryanapanikkar, R., *Kerala Bhasha Sahitya Charithram. Vol.II* Trivandrum, 1929

Padmanabha Menon, K.P. *History of Kerala Vol. II,* Ernakulam, 1929

Parapurath V., *Nalagamangal,* (Archives, Dharmaram College Library), Bangalore.

Pathil, K., *Indian Churches at the Cross Roads,* Bangalore, 1994.

Pattassery, J.R , *Vazhthapetta Chavarayachan Vyakthiyum Veekshanavum Vol.I,* Alwaye, 1989.

Petti, A., *Canonizatione Servi Dei Cyriaci Eliae Chavara,* Roma, 1983.

Prabhahar, M.E., *Towards a Dalit Theology,* New Delhi, 1988

Ramachandran Nair, K.K. *Slavery in Kerala,* Delhi, 1986.

Samuel, T., *One Caste one Religion One God,* New Delhi, 1977.

Sebastian, P.S (ed.), *Palakunnel Valliachante Nalagamam,* Changanassery, 1972.

Souvenir, *Centenary Celebrations of the Death of Father Kuriakose Elias Chavara,* Kunnammavu, 1972.

Sreedhara Menon, A., *Kerala Samskaram*, Kottayam, 1978

" *Survey of Kerala History,* Kottayam 1967.

Thankaya, V &, R.K.Thilak, *Thekkan Thiruvithaamkoor Vilplavathinte Naadu,* Kottayam, 1996.

The Census of India (1991) Ethanographic Appendices, Calcutta, 1903.